വകുപ്പ് ഒഴികെയുള്ള എല്ലാ വകുപ്പുകൾക്കും ഉപയുക്തമാകുമാറ് ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളും ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖലയായ റൂറൽ ഡവലപ്മെന്റ് നെറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന 'ഇൻഫർമേഷൻ കേരള മിഷൻ' പദ്ധതി പുരോഗമിച്ചു വരുന്നു.

(ബി) ഈ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശയാത്രമൂലം ടെക്നോപാർക്കിൽ 2970 ലക്ഷം രൂപയുടെ വിദേശനിക്ഷേപം ഉണ്ടാകുയും 8 കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ വിദേശ പ്രവാസി പങ്കാളിത്തത്തോടെ 3 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.യുടെ സഹകരണത്തോടെയുള്ള പതിനൊന്നു പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. ഐ.റ്റി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്രസേവന കേന്ദ്രം തിരുവനന്തപുരത്ത്, പാളയം സാഫല്യം കോപ്ലക്സിൽ ഈ മാസം നിലവിൽ വരുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഒന്നാം ഘട്ടം അടുത്തുതന്നെ പൂർത്തിയാകുന്നതാണ്. പ്രാദേശികതലത്തിലുള്ള സ്വയം സഹായ സംഘങ്ങളെ ഉൾപ്പെടുത്തി അവർക്ക് മാതൃകാ സാമൂഹ്യകേന്ദ്രങ്ങളിൽ ഡാറ്റാ എൻട്രിയിൽ പരിശീലനം നൽകുന്നതിന് 'പ്രോജക്ട് ഗ്രാമീൺ' എന്ന ഒരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഗുണനിലവാരമുള്ള കമ്പ്യൂട്ടർ പരിശീലനം ഗ്രാമപ്രദേശങ്ങളിലും പിന്നോക്ക ജില്ലകളിലും ഉള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി എൻ.ഐ.സി യുടെ സഹായത്തോടെ സർക്കാർ മേഖലയിൽ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാന്യപ്പെട്ട അംഗങ്ങളായ ശ്രീ. കെ. നാരായണക്കുറുപ്പ്, ടി. കെ. ബാലൻ, കെ. പ്രകാശ് ബാബു എന്നിവരെ പത്താം കേരള 9.30 A.M.] നിയമസഭയുടെ പതിനാലാം സമ്മേളനത്തിലേക്കുള്ള ചെയർമാന്മാരുടെ പാനലിലേനക്ക് നാമനിർദ്ദേശം ചെയ്യുന്നു.

II അടിയന്തിര പ്രമേയം

സംസ്ഥാനത്തെ സ്ക്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചതിലെ ക്രമക്കേടുകളിൽനിന്നുളവായിട്ടുള്ള ഗുരുതരാവസ്ഥ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, പ്ലസ് ടൂ അനുവദിച്ചതിലുള്ള ക്രമക്കേടുകൾമൂലം സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വന്നുചേർന്നിട്ടുള്ള ക്ലേശംമൂലം സംജാതമായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ചട്ടം 50 പ്രകാരം സഭാനടപടികൾനിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ടി.എം.ജേക്കബ്, കെ.എം. മാണി, ആര്യാടൻ മുഹമ്മദ്, ആർ.ബാലകൃഷ്ണപിള്ള, കെ. കുട്ടി അഹമ്മദ് കുട്ടി, പ്രൊഫ.എ.വി.താമരാക്ഷൻ ശ്രീമതി കെ.ആർ. ഗൗരിയമ്മ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യവർഷം തന്നെ 1996-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രീഡിഗ്രി കോളേജിൽ നിന്നും ഘട്ടം ഘട്ടമായി വേർപ്പെടുത്തി മൂന്ന് വർഷക്കാലം കൊണ്ട് ഡീലിങ്കിംഗ് പൂർത്തിയാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപനം നടത്തിയിരുന്നു. അതനുസരിച്ച് 1997-ൽ ഡീലിങ്കിംഗ് പ്രോസസ് ആരംഭിച്ചു. ആദ്യവർഷം 100 ഗവൺമെന്റ് സ്കൂളുകളിൽ മാത്രമായിട്ടാണ് ഇതാരംഭിച്ചത്. 1998-ൽ ഗവൺമെന്റ് സ്ക്കൂളുകൾ 1997-ൽ അനുവദിച്ചതുംകൂടി ഉൾപ്പെടുത്തി ഗവൺമെന്റും പ്രൈവറ്റും 1:1 എന്ന അനുപാതത്തിൽ സ്കൂളുകൾ അനുവദിച്ച് അതിന്റെ ഒന്നാം ഘട്ടത്തിലേയ്ക്ക് കടന്നു. 1999-ൽ പുതിയതായി സ്കൂളുകൾ അനുവദിച്ചില്ല. സംസ്ഥാനത്ത് അന്നാകെ നിലവിലുണ്ടായിരുന്ന 528 സ്ക്കൂളുകളിൽ നിലമെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങളാണ് നടത്തിയത്. ഈ കാര്യങ്ങൾ നടത്തുന്നതിന് ചുമതലപ്പെട്ടിട്ടുള്ള, പ്രത്യേകിച്ചും അക്കാഡമിക് രംഗം നോക്കുന്നതിന് ചുമതലയേറ്റ കരിക്കുലം കമ്മിറ്റി കേരളത്തിലെ പ്ലസ് ടു അനുവദിച്ച എല്ലാ സ്ക്കൂളുകളെ സംബന്ധിച്ചും പഠനം നടത്തുകയുണ്ടായി. ആ പഠനത്തിൽ കണ്ടത് അനുവദിക്കപ്പെട്ട, പ്രവർത്തനമാരംഭിച്ച സ്ക്കൂളുകളിൽ 75 ശതമാനം സ്ക്കൂളുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. 1997-ൽ പ്രഖ്യാപനം നടത്തിയതാണ്, 1997-ൽ അനുവദിച്ച് സ്കൂളുകൾ 1998-ലാണ് പ്രവർത്തനമാരംഭിച്ചത്. മൂന്ന് വർഷക്കാലത്തെ സാവകാശം ലഭിച്ചു. ഈ സ്ക്കൂളുകളിൽ ആദ്യവർഷത്തിൽ വളരെയേറെ അസൗകര്യങ്ങൾ ഉണ്ടായിരുന്നു. മൂന്ന് വർഷക്കാലം കൊണ്ട് 75% സ്ക്കൂളുകളിലും ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. പൊതുവേ ഉണ്ടായിരുന്ന ഒരഭിപ്രായം ഗവൺമെന്റ് സ്ക്കൂളുകൾ പിന്നോക്കമായിരുന്നു എന്നുള്ളതാണ്. എന്നാൽ കരിക്കുലം കമ്മിറ്റിയിലെ വളരെ ഉത്തരവാദപ്പെട്ട അംഗങ്ങൾ ഓരോ സ്ക്കൂളിലും പോയി ഭൗതികസൗകര്യങ്ങൾ - ക്ലാസ് റും, ലബോട്ടറി, ലൈബ്രറി എന്നിവയെപ്പറ്റി വിശദമായ പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിൽ കണ്ടത് 74% പ്രൈവറ്റ് സ്ക്കൂളുകളിൽ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. 76% ഗവൺമെന്റ് സ്ക്കൂളുകളിലാണ് ഉള്ളത്. 2% പിറകിലാണ് പ്രൈവറ്റ് സ്ക്കൂളുകൾ. ഓരോ സ്ക്കൂളിനെപ്പറ്റിയും റിപ്പോർട്ടുണ്ട് കേരളത്തിൽ നടന്ന കാര്യമാണ് ആർക്കുവേണമെങ്കിലും പരിശോധിക്കാം. വളരെ പിന്നോക്കം നിന്ന കുട്ടികളില്ലാത്ത സ്ക്കൂളുകളിൽ, കുട്ടികൾ പോകാത്ത സ്ക്കൂളുകളിൽ, ഗവൺമെന്റ് പ്ലസ് ടു അനുവദിച്ച് കുട്ടികളേയും രക്ഷകർത്താക്കളേയും കഷ്ടത്തിലാക്കിയെന്നുള്ള ആക്ഷേപം ഉണ്ടായി. 1997-ൽ അത് ശരിയായിരിക്കാം. കഴിഞ്ഞ വർഷം വളരെ പിന്നോക്കം നിന്ന ഒരു ഗവൺമെന്റ് സ്ക്കൂളിലെ ലബോറട്ടറി ഞാൻ ഉത്ഘാടനം ചെയ്തു. ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്ക്കൂളിലല്ല, ധാരാളം സ്ക്കൂളിൽ പോയിട്ടുണ്ട്. ഞാനൊരു സ്ക്കൂളിന്റെ കാര്യം എടുത്തു പറയുകയാണ്. ആലുവ ഗവൺമെന്റ് സ്ക്കൂൾ. ആ സ്ക്കൂളിനെ സംബന്ധിച്ച് അറിയാമല്ലോ. ആകെ ആ ഹൈസ്ക്കൂളിൽ ഉള്ളത് 31 കുട്ടികൾ. എട്ടാം ക്ലാസിൽ 10 കുട്ടികൾ, 9-ാം ക്ലാസിൽ 10 കുട്ടികൾ, 10-ാം ക്ലാസിൽ 11 കുട്ടികൾ. ഇങ്ങനെയുള്ള ഒരു സ്ക്കൂളിൽ ഞാൻ ചെല്ലുമ്പോൾ കാണുന്നത് കഴിഞ്ഞ വർഷം പ്ലസ് ടു-ലെ 150 സീറ്റിലേയ്ക്ക് 1100 അപേക്ഷകളാണ് വന്നിട്ടുള്ളത് (.....ബഹളം....)

ശ്രീ. കെ. മുഹമ്മദാലി : ഒരു സ്ക്കൂൾ കൊടുത്താൽ പിന്നെ കുട്ടികൾ എവിടെ പോയി പഠിക്കും ?

ശ്രീ. പി.ജെ. ജോസഫ് : ബഹു. ഉമ്മൻചാണ്ടിയെ ആലുവയിലെ .... (ബഹളം)..... ഞാൻ പറയുന്ന പോയിന്റ് ഒന്നു കേൾക്കു.

ശ്രീ. കെ. മുഹമ്മദാലി : സർ,

ശ്രീ. പി.ജെ. ജോസഫ് : ആലുവ ഗവൺമെന്റ് സ്ക്കൂളിൽ നിലവാരമുണ്ടോയെന്ന് ആർക്കും പരിശോധിക്കാം (.....ബഹളം.....)

ശ്രീ. പി.ജെ. ജോസഫ് : അല്ലല്ല. അത് നമ്മുടെ ആരുടേയും ശ്രമമല്ല. ആലുവായിലെ പൂർവ്വ വിദ്യാർത്ഥികൾ - ആലുവാ ഗവൺമെന്റ് സ്ക്കൂളിൽ നിന്നും പഠിച്ചു പുറത്തുപോയ പൂർവ്വ വിദ്യാർത്ഥികൾ ആ സ്ക്കൂളിനെ ഉയർത്തിക്കൊണ്ടു വരാൻ അകമഴിഞ്ഞു സംഭാവന ചെയ്തു. കെട്ടിടങ്ങൾ മുഴുവൻ നന്നാക്കി, ഒന്നാന്തരമാക്കി. ആ സ്ക്കൂൾ കെട്ടിടങ്ങൾ നന്നാക്കി. അവിടത്തെ ലബോറട്ടറി, ലൈബ്രറി ഒക്കെ ആർക്കും പോയി കാണാം. ഗവൺമെന്റ് കൊടുത്ത അഞ്ച് ലക്ഷം രൂപ മാത്രമല്ല, നാട്ടുകാർ, പി.റ്റി.എ. പിരിച്ചെടുത്ത സ്ക്കൂൾ, ആ സ്ക്കൂളിന്റെ നിലവാരം ഞാനൊരുദാഹരണം ചൂണ്ടിക്കാണിച്ചതാണ്. അതുപോലെ ..... (ബഹളം) നിങ്ങളെ അഭിനന്ദിക്കുന്നു. ഇത്തരത്തിൽ കേരളത്തിലെ 76% ഗവൺമെന്റ് സ്ക്കൂളുകളും ഒന്നാന്തരമാക്കി. ആർക്കും പരിശോധിക്കാം. അഭിമാനകരമായ നേട്ടമാണ്. 76 ശതമാനം സ്ക്കൂളുകളിലും ലബോറട്ടറിയും ലൈബ്രറിയും ഇതവിടെ കുട്ടികൾ ക്യൂ നിൽക്കുന്ന നിലയിലാക്കിയിട്ടുണ്ട്. അതു കൊണ്ട് ഒറ്റയടിക്കല്ല. ഓരോ വർഷവും ഇതിനുവേണ്ടി പശ്ചാത്തലമൊരുക്കി കൊണ്ടാണ് ചെയ്തത്. കേരളത്തിൽ ഗവൺമെന്റ് സ്ക്കൂളുകളിൽ 76 ശതമാനവും ഈ നിലയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. "ഗവൺമെന്റ് സ്കൂളുകൾ മുഴുവൻ കന്നുകാലി തൊഴുത്തുപോലെയാണ്. അവിടെ കുട്ടികളെ വിടാൻ ആർക്കു കഴിയും" എന്നിവിടെ പറഞ്ഞതാണ്. ആ പ്രസ്താവന എന്റെയടുത്തുണ്ട്. ഈ പറയുന്ന 76 ശതമാനം ഗവൺമെന്റ് സ്കൂളുകളിലും ഇന്ന് സീറ്റുകളുടെ നാലിരട്ടി, അഞ്ചിരട്ടി അപേക്ഷ വരുന്നത് വെറുതെയാണോ ? അതുപോലെ ഒരു കാര്യത്തിൽ അഭിമാനമുണ്ട്. പശ്ചാത്തലമൊരുക്കിക്കൊണ്ട് .....(ബഹളം)..... ഞാൻ പറയാം.....(ബഹളം) ഒരാളാണ് അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നിരിക്കുന്നത്. ആ പറഞ്ഞ പോയിന്റ് പറയാൻ എന്നെ അനുവദിക്കണം. ഞാൻ മറുപടി പറഞ്ഞതിനുശേഷം ഈ സഭയിലെ എല്ലാവർക്കും അഭിപ്രായം പറയാം. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് ഒന്ന് കേൾക്കുക. ഈ വർഷം ഡീലിങ്കിംഗ് പൂർത്തിയാക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിരുന്നു. പൂർത്തിയാക്കുമോയെന്ന് പലർക്കും സംശയമുണ്ടായിരുന്നു.....(ബഹളം).....ശ്രീ. അച്ചുതാനന്ദൻ മാത്രമല്ല, ബഹു: കെ.എം.മാണിയും പറഞ്ഞിരുന്നു പൂർത്തിയാക്കരുത് എന്ന്.... അച്ചുതാനന്ദനു മാത്രമല്ല, അദ്ദേഹത്തിന്റെ പ്രസ്താവന പ്രീ-ഡിഗ്രി തുടരണം .... (ബഹളം).....ഇല്ല, ഇല്ല.... അത് തെറ്റിദ്ധാരണയാണ്. അങ്ങനെയല്ല പറഞ്ഞത്. ബഹു: അച്ചുതാനന്ദൻ പ്രീ-ഡിഗ്രി ഡീലിങ്കിംഗ് പൂർത്തിയാക്കില്ല എന്നല്ല പറഞ്ഞത്. പ്ലസ് ടൂ ഈ വർഷംകൊണ്ട് പൂർത്തിയാകില്ല എന്നാണ് പറഞ്ഞത്. പ്ലസ് ടൂ അനുവദിക്കുന്നത് ഈ വർഷം കൊണ്ട് പൂർത്തിയാകില്ല അടുത്ത വർഷവും അനുവദിക്കും. അതിന്റെയടുത്ത വർഷവും അനുവദിക്കേണ്ടതായിട്ടുണ്ട്. അതാണ് അദ്ദേഹം പറഞ്ഞത്. പ്രീ-ഡിഗ്രി ഡീലിങ്കിംഗ് പൂർത്തിയാക്കി എന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അത്തരത്തിൽ കാര്യങ്ങൾ..... അത് തെറ്റിദ്ധാരണ തോന്നിയതാണ്. പ്രീ-ഡിഗ്രി ഡീലിങ്കിംഗ് പൂർത്തിയാക്കില്ല. എന്നല്ല അദ്ദേഹം പറഞ്ഞത്. +2 പൂർത്തിയാക്കില്ല എന്നുപറഞ്ഞാൽ, 988 അപേക്ഷയാണ് പ്രൈവറ്റ് മാനേജുമെന്റ് നൽകിയത്. കൊടുത്തത് 143 ആണ്. 988 ൽ നിന്നും 143 കൊടുക്കുമ്പോൾ അസംതൃപ്തിയുണ്ടാകും. ഒരു സംശയവുമില്ല..... ഇൻഡിവിഡുവൽ മാനേജുമെന്റിനുള്ളതല്ലേ കൊടുക്കാൻ പറ്റൂ. ഇടുക്കി ജില്ലയിൽ എത്ര ഇൻഡിവിഡുവൽ മാനേജുമെന്റിന് കൊടുത്തു ? കോർപ്പറേറ്റ് മാനേജുമെന്റുള്ളിടത്ത്..... മലബാർ പ്രദേശത്ത് ഇൻഡിവിഡുവൽ മാനേജുമെന്റസിന് കൊടുത്തു. ചില ജില്ലകളിൽ ഇൻഡിവിഡുവൽ മാനേജുമെന്റാണ്. കൊടുക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ ഇതിന്റെയെല്ലാം വ്യക്തമായ കണക്കുകളുണ്ട്. ആർക്കും പരിശോധിക്കാവുന്നതാണ്. ഇവിടെ പ്രധാനമായിട്ടും ബഹു: ടി.എം.ജേക്കബ് ഉന്നയിച്ചിരിക്കുന്ന ഒരു ആക്ഷേപം, വിദ്യാർത്ഥികൾക്ക് പഠിക്കാൻ സൗകര്യങ്ങളില്ല എന്നാണ്. പഠിക്കാൻ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സൗകര്യങ്ങളില്ല എന്നുള്ളത് വസ്തുതയാണ്. (ബഹളം) അടുത്ത തവണത്തെ നിയമസഭാ വാർഷികാഘോഷത്തിന് ചിരി മത്സരവും കൂടി വയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചിലർക്ക് സമ്മാനം കിട്ടാൻ സാധ്യതയുണ്ടെന്ന് തെളിഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ .....(ബഹളം)....ആ പ്രശ്നം പരിഹരിക്കണം. ഞാൻ പൂർണ്ണമായി യോജിക്കുന്നു..: നമുക്ക് കൂട്ടായി ശ്രമിക്കണം ..... (ബഹളം).....

മി.സ്പീക്കർ : പ്ലീസ്, പ്ലീസ്, അദ്ദേഹം മറുപടി പറയട്ടെ ..... (ബഹളം).....

ശ്രീ. പി.ജെ. ജോസഫ് : പൂർണ്ണമായി യോജിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മോഡറേഷൻ കൂടാതെ പാസ്സായിക്കൊണ്ടിരുന്നത് 33 ശതമാനമാണ്. ഈ വർഷം മോഡറേഷൻ കൂടാതെ പാസ്സായത് 43 ശതമാനമാണ്. 10 ശതമാനം വർദ്ധനവ്. ഏകദേശം ആറ് ലക്ഷം കുട്ടികൾ പരീക്ഷ എഴുതിയപ്പോൾ 10 ശതമാനം വർദ്ധനവ് എന്നുപറഞ്ഞാൽ 60,000 കുട്ടികൾ കൂടുതലായി പാസ്സാകുന്നു. അത് നിലവാരം വർദ്ധിച്ചതാണ്.....(ബഹളം).....അദ്ദേഹത്തിനോട് ഒന്ന് ശാന്തമായിട്ട് കേൾക്കാൻ അങ്ങ് അഭ്യർത്ഥിക്കണം. ഞാൻ പറയുന്നത് അദ്ദേഹം കേൾക്കുന്നില്ല. ഞാൻ പറയുന്നത് കേട്ടതിനുശേഷം അദ്ദേഹം പറയട്ടെ. ഒന്ന് അല്പം ശാന്തമാക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : അടിയന്തിര പ്രമേയം എടുക്കേണ്ടെങ്കിൽ നമുക്ക് അടുത്തതിലേയ്ക്ക് കടക്കാം.

ശ്രീ. പി.ജെ. ജോസഫ് : കുട്ടികൾക്ക് പഠിക്കാൻ സൗകര്യമില്ല എന്നുള്ളത് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ യാഥാർത്ഥ്യമാണ്. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായതല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായിട്ടുള്ള വർദ്ധനവ് മനസ്സിലാക്കണം. ഒരു ലക്ഷത്തി ആറായിരം കുട്ടികൾക്കാണ് ഇവിടെ പ്രീ-ഡിഗ്രിക്ക് പഠിക്കാൻ സൗകര്യമുണ്ടായിരുന്നത്. ഒരു ലക്ഷത്തി ആറായിത്തിന്റെ സ്ഥാനത്ത് ഈ വർഷം ഇതിനോടുനുബന്ധിച്ച് സ്കൂളുകളുടെ അടിസ്ഥാനത്തിൽ ..... (ബഹളം).....

(ശ്രീ. ബി. വിജയകുമാർ സഭയിൽ എഴുന്നേറ്റു നിന്ന് ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നു.)

അദ്ദേഹമാണോ ഞാനാണോ സംസാരിക്കുന്നതെന്ന് പറയുക. അദ്ദേഹം തുടർച്ചയായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.....(ബഹളം)..... ഞാൻ പറയുന്നത് കേട്ടതിനുശേഷമല്ലേ പറയാൻ പറ്റൂ. ഇങ്ങനെയുമുണ്ടോ ഒരു ബഹളം. ബഹു:പ്രതിപക്ഷ നേതാവ്, അങ്ങ് ഒന്നിടപെടണം. ഞാൻ മറുപടി പറയുമ്പോൾ ഇങ്ങനെ തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നാൽ എങ്ങനെയാണ് ....(ബഹളം).... ഇതൊരു ചർച്ചയാണ്. ഇത് കേൾക്കാതിരിക്കുക എന്നുള്ളതാണെങ്കിൽ എനിക്കൊന്നും പറയാനില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1,06,000 സീറ്റുകളാണുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഇതിനോടകം അനുവദിച്ച സ്കൂളുകളിലുള്ള സീറ്റുകൾ 1,38,300 ആണ്. ഇനിയും ഏതാനും സ്കൂളുകളിൽ കൂടി അനുവദിക്കുവാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അപ്പോൾ എസ്.എസ്.എൽ.സി. പാസ്സായ 32,300 കുട്ടികൾക്ക് അധികമായി പഠിക്കാനുള്ള അവസരം ഈ ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നു. 87200 സീറ്റുകളിൽ സയൻസ് പഠിക്കാനുള്ള അവസരമാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നതിനെക്കാൾ അധികമാണിതെന്ന് എനിക്കു പറയാൻ കഴിയും. ഇനി ഏതാനും സ്കൂളുകൾ കൂടി അനുവദിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് 40000 കുട്ടികൾക്ക് അധികമായി പഠിക്കാൻ അവസരം ഉണ്ടായിരിക്കും. ഓരോ സ്കൂളിന്റെയും കണക്കിവിടെയുണ്ട്. അതുമാത്രമല്ല, ഇവിടെയുണ്ടായിരുന്ന 160 കോളേജുകളിൽ നിന്നും 822 സ്കൂളുകളിലേക്കാണ് വ്യാപിപ്പിച്ചിരിക്കുന്നത്. ഏതായാലും ഒരു പഞ്ചായത്തിലല്ലല്ലോ. കേരളത്തിലെ വിവിധ ജില്ലകളിൽ കൊടുത്തിരിക്കുന്ന കണക്കും പ്രാദേശികമായ അസന്തുലിതാവസ്ഥയെപ്പറ്റിയുമെല്ലാം ഇവിടെ പറയുന്നുണ്ട്. കൂടുതൽ സ്കൂളുകൾ അനുവദിക്കണമെന്നുള്ള വാദഗതി വളരെ ശരിയാണെന്ന് ഗവൺമെന്റ് സമ്മതിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് ഒറ്റയടിക്ക് മുഴുവൻ കൊടുക്കാൻ കഴിയുകയില്ല. ഇവിടെ പ്രാദേശികമായ അസന്തുലിതാവസ്ഥയെപ്പറ്റിയാണ് പറയുന്നത്. ഓരോ ജില്ലയിലും അനുവദിച്ച സ്കൂളുകളുടെ ലിസ്റ്റ് പറയാം. ഏത് കണക്കുവേണമെങ്കിലും തരാം. ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയുടെപേരും അതുകഴിഞ്ഞ് അനുവദിച്ച സ്കൂളുകളുടെ കണക്കും പറയാം. തിരുവനന്തപുരം - 81, കൊല്ലം - 48, പത്തനംതിട്ട -48, ആലപ്പുഴ - 65, കോട്ടയം - 80, ഇടുക്കി - 43, എറണാകുളം - 85, തൃശ്ശൂർ - 72, പാലക്കാട് - 53, മലപ്പുറം - 65, കോഴിക്കോട്-60, വയനാട് - 20, കണ്ണൂർ - 60, കാസർഗോഡ് - 24, സ്കൂളുകൾ. ഇനി ഈ വർഷം കൊടുത്ത സ്കൂളുകളുടെ എണ്ണം വായിക്കാം. തിരുവനന്തപുരം -28, കൊല്ലം -31, പത്തനംതിട്ട -20, ആലപ്പുഴ - 25, കോട്ടയം - 32, ഇടുക്കി - 14, എറണാകുളം - 27, തൃശ്ശൂർ- 27, പാലക്കാട് - 21, മലപ്പുറം - 21, കോഴിക്കോട് - 21, വയനാട് - 7, കണ്ണൂർ - 20, കാസർഗോഡ് - 6. നേരത്തെയുണ്ടായിരുന്ന പ്രീ-ഡിഗ്രി സീറ്റുകളുടെ എണ്ണവും ഇപ്പോൾ സാധ്യമായ സീറ്റുകളുടെ എണ്ണവും വായിക്കാം. തിരുവനന്തപുരം 11,970, ഇപ്പോൾ സാധ്യമായത് 16,200, കൊല്ലം 11,160, ഇപ്പോൾ സാധ്യമായത് 14,400 പത്തനംതിട്ട ആറായിരത്തി എഴുന്നൂറ്റി ...(തടസ്സം).... കഴിഞ്ഞകാലത്തെ ഓർമ്മകൾ അങ്ങനെ തികട്ടിത്തികട്ടി വരുന്നതാണ് പറയുന്നത്. കഴിഞ്ഞ കാലത്ത് അവരായിരുന്നുവെങ്കിൽ എങ്ങനെയാകുമായിരുന്നു എന്നുള്ള ഓർമ്മകളാണ് വിളിച്ചുപറയുന്നത്. ആലപ്പുഴയിൽ നേരത്തെയുണ്ടായിരുന്ന സീറ്റുകൾ 9,270. ഇപ്പോൾ സാധ്യമായത് 13,000, കോട്ടയം 15,660, ഇപ്പോൾ 16,000, ഇടുക്കി 2,340, ഇപ്പോൾ 6,450, എറണാകുളം 13,140 ഇപ്പോൾ സാധ്യമായത് 17,000, തൃശ്ശൂർ 10,710 ഇപ്പോൾ 14,400, പാലക്കാട് 5,850 ഇപ്പോൾ 10,600 മലപ്പുറം 5,220 ഇപ്പോൾ സാധ്യമായത് 13,000. കോഴിക്കോട് 7,020, ഇപ്പോൾ 12,000. വയനാട് 1,350 ഇപ്പോൾ സാധ്യമായത് 3,800. കണ്ണൂർ 5,490 ഇപ്പോൾ സാധ്യമായത് 12,000, കാസർഗോഡ് 1,710 ഇപ്പോൾ 4,800. ഈ കണക്കുകളൊക്കെ ആർക്കുവേണമെങ്കിലും പരിശോധിക്കാം. തികച്ചും നിഷ്പക്ഷമായി കേരളത്തെ മൊത്തമായി കണ്ടു കൊണ്ടാണ്ഇവിടെ സ്കൂളുകൾ അനുവദിച്ചത്. ഇവിടെ ചില ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. അതു സംബന്ധിച്ച് എനിയ്ക്ക് പറയാനുള്ളത്...

മി. സ്പീക്കർ : ആക്ഷേപമൊന്നും വന്നിട്ടില്ല.

ശ്രീ. പി. ജെ. ജോസഫ് : ഫീഡർ സ്കൂളുകളുടെ കാര്യത്തിൽ ഈ ഗവൺമെന്റ് പരമാവധി നിഷ്പക്ഷമായി പ്രവർത്തിച്ചിരിക്കുന്നു. പ്രീ-ഡിഗ്രി ഡീലിങ്കിഗ് പൂർത്തിയാക്കിയതിലുള്ള അസ്വസ്ഥതയാണോ ഇത് എന്നെനിക്ക് സംശയമുണ്ട്. ഏതൊരു പരിഷ്ക്കാരം നടപ്പാക്കുപ്പോഴും ബുദ്ധിമുട്ടുണ്ടാകും. ഒരു സംശയവുമില്ല. ഒരു പൊന്നോമനകുഞ്ഞിനെ പ്രസവിക്കുമ്പോൾ പ്രസവവേദനയുണ്ടാകുമെന്നകാര്യത്തിൽ സംശയമില്ല. നല്ല ഊർജ്ജസ്വലതയുള്ള ഒരു കുഞ്ഞായി അത് വളർന്നു വരികയാണ്. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി നടത്താൻ കഴിയാത്തത്, കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ ഭരിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് നടത്താൻ കഴിയാതിരുന്നത്, ഈ ഗവൺമെന്റ് 4-ാം വർഷത്തിൽ പൂർത്തിയാക്കിയിരിക്കുന്നുവെന്നുള്ള അസ്വസ്ഥയാണെങ്കിൽ അതിൽ പറയാനൊന്നുമില്ല. ഉറങ്ങുന്നവരെ വിളിച്ചുണർത്താം. ഉറക്കം നടിക്കുന്നവരെ വിളിച്ചുണർത്താൻ കഴിയുകയില്ല. അതുകൊണ്ട് ഈ കാര്യത്തിൽ എനിക്കുപറയാനുള്ളത് ഇനിയും കുറവുകളുണ്ടെങ്കിൽ, ബുദ്ധിമുട്ടുകളുണ്ടെങ്കിൽ, വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് തുറന്ന സമീപനമാണുള്ളത്. ഏതു പരിഷ്ക്കാരം നടത്തുമ്പോഴും കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

പിശകുകളുണ്ടാകും. 10 ശതമാനം ന്യൂനതയില്ലാതെ ഒരു പരിഷ്ക്കാരവും നടത്താൻ കഴിയുകയില്ല. , പ്രതിപക്ഷത്തിന്റെയും കൂടി അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് ആ തെറ്റുകൾ തിരുത്തുവാനും, കുറവുകൾ നികത്തുവാനും ഈ ഗവൺമെന്റ് തയ്യാറാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹു.മന്ത്രി അവസാനം പറഞ്ഞത്, "ഉറങ്ങുന്നവരെ ഉണർത്താം, ഉറക്കം നടിക്കുന്നവരെ ഉണർത്താൻ സാധ്യമല്ല" എനിക്ക് മന്ത്രിയോട് പറയാനുള്ളതും അതാണ്. ഈ മേഖലയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇവിടത്തെ പ്രധാനപ്പെട്ട പത്രങ്ങളും, അതുപോലെതന്നെ വിദ്യാഭ്യാസ രംഗത്തെ പ്രമുഖരായ വിചക്ഷണന്മാരുമൊക്കെ പറഞ്ഞിട്ടും... ഞാൻ ബഹു: മന്ത്രിയോട് ചോദിക്കട്ടെ, ഈ സമയപരിധിക്കുള്ളിൽ ഞങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയുമൊക്കെ ചെയ്തിട്ടും ഈ വിഭാഗത്തെ വിളിച്ച് ഒരു ചർച്ചയെങ്കിലും നിങ്ങൾ നടത്തിയോ ? ലിസ്റ്റ് വന്നു കഴിഞ്ഞ് ഖണ്ഡശ്ശ, ഖണ്ഡശ്ശ കൊടുത്ത കാര്യത്തെക്കുറിച്ച് നിങ്ങൾ ചില രാഷ്ട്രീയ താത്പ്പര്യങ്ങളെ മുൻനിറുത്തിക്കൊണ്ട് ചർച്ച നടത്തിയതൊഴിച്ചാൽ, ഈ വിഷയത്തെ സംബന്ധിച്ച് ഈ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാമെന്നതിനെക്കുറിച്ച്, എന്തെങ്കിലും ആലോചിച്ചോ ? ഞങ്ങൾ ഇവിടെ തന്നിരിക്കുന്ന നോട്ടീസിൽ പറഞ്ഞിരിക്കുന്ന അസന്തുലിതാവസ്ഥ, ഫീഡർ മേഖലയിൽ സ്കൂളുകൾ അനുവദിക്കാതിരുന്നതിൽ വന്നിരിക്കുന്ന അപാകതകൾ, ഇൻഡിവിഡുവൽ മാനേജുമെന്റിന് കൊടുക്കുന്നതിൽ ഉയർന്നു വന്നിരിക്കുന്ന അഴിമതിയാരോപണങ്ങൾ, ഇതിനെയൊക്കെ സംബന്ധിച്ച് ചർച്ച നടത്താൻ ബഹു.മുഖ്യമന്ത്രിയോ, വിദ്യാഭ്യാസ മന്ത്രിയോ തയ്യാറായിട്ടുണ്ടോ ? മുഖ്യമന്ത്രിക്ക് ഞങ്ങളുടെ ലെയസ്ൺ കമ്മിറ്റി കൺവീനർ രേഖാമൂലം ആവശ്യപ്പെട്ടതാണ് ഇതിനെക്കുറിച്ച് ചർച്ച നടത്തണമെന്ന്. ഇതുവരെ വിളിച്ചിട്ടില്ല. ഇവിടെ സഭയിൽ വന്ന് ന്യായീകരണങ്ങൾ പറയുകയാണ്. ഞാൻ ശ്രീ.പി.ജെ.ജോസഫ് പറഞ്ഞ കണക്കുകളൊന്നും നിഷേധിക്കുന്നില്ല. കാരണം അദ്ദേഹത്തിന്റെ ഔദ്യോഗിക കണക്കുകളാണ് പറഞ്ഞത്. ഞാൻ നിഷേധിക്കുന്നില്ല. കൊടുത്ത പള്ളിക്കൂടത്തിന്റെ കണക്കുപറഞ്ഞാൽ ഞാൻ എങ്ങനെയാണ് നിഷേധിക്കുന്നത് ? ഇവിടെയിപ്പോൾ അടിസ്ഥാനപ്രശ്നമെന്താണ്? ഇവിടുത്തെ അടിസ്ഥാനപ്രശ്നമെന്ന് പറയുന്നത്, ബഹു.മന്ത്രി പറഞ്ഞു കൊടുത്ത സർക്കാർ സ്കൂളുകളിൽ 76 ശതമാനം ഫെസിലിറ്റീസ്... സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് കൊടുക്കുന്നതിനു ഞങ്ങളാരും എതിരല്ല. എതിർത്തിട്ടുമില്ല. ഞങ്ങളുടെ ആരുടേയും ഒരു സ്റ്റേറ്റ്മെന്റും വന്നിട്ടില്ല. സൗകര്യമുള്ള എല്ലാ ഗവൺമെന്റ് സ്കൂളുകളിലും കൊടുക്കണം. ഞങ്ങളുടെ അഭിപ്രായം അതുതന്നെയാണ്. മന്ത്രി പറഞ്ഞു 76 ശതമാനം ഫെസിലിറ്റീസ് (2 ശതമാനം കൂടുതൽ) ഗവൺമെന്റ് മേഖലയിൽ ഞങ്ങൾ നൽകുന്നുവെന്ന്. ഈ കണക്കുകൾ മന്ത്രിയെ ആരോ തെറ്റിദ്ധരിപ്പിച്ച് തന്നിരിക്കുകയാണ്. കരിക്കുലം കമ്മിറ്റി തന്നിരിക്കുന്ന റിപ്പോർട്ട് സംബന്ധിച്ച് അതാത് പ്രദേശത്തെ ജനപ്രതിനിധികളെക്കൂടി നിർത്തിക്കൊണ്ട് അന്വേഷിക്കാൻ നിങ്ങൾ തയ്യാറാണോ ? ഗവൺമെന്റ് പറഞ്ഞു ഞങ്ങൾ എല്ലാ ഗവൺമെന്റ് സ്കൂളുകളിലും സയൻസ് ബാച്ച് അനുവദിച്ചിരിക്കുന്നിടത്ത് 3 ലക്ഷം രൂപ വീതം കൊടുക്കുമെന്ന്. എല്ലാ സ്കൂളുകളിലും നിങ്ങൾ കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : ഏതു സ്കൂളിൽ എന്ന് ചൂണ്ടിക്കാണിച്ചാൽ മറുപടി
10 A.M] ഇപ്പോൾതന്നെ പറയാം.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ പറയട്ടെ, ബഹു:മന്ത്രിക്ക് മറുപടി പറയാമല്ലോ. ഞാൻ സംസാരിച്ചതിനുശേഷം മന്ത്രിക്ക് മറുപടി പറയാം. ഇവിടെ വന്നിട്ടുള്ള വിഷയം എന്താണ് ? ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതിൽ വഴി വിട്ട ഏർപ്പാട് ഉണ്ടായിട്ടുണ്ട് എന്നതാണ്. നാലുവർഷം പിന്നിട്ട ഈ സർക്കാരിന്റെ നേട്ടത്തെപ്പറ്റി പറഞ്ഞതിൽ ബഹു. പി.ജെ.ജോസഫ് വിദ്യാഭ്യാസ മേഖലയിലെ നേട്ടത്തെക്കുറിച്ച് പറഞ്ഞു. ഇവിടെ വന്നിട്ടുള്ള പ്രധാനപ്പെട്ട പ്രശ്നം എന്താണ് ? രഹസ്യ സംഭാഷണത്തിൽ ഭരണകക്ഷിയുടെ ആൾക്കാരും പറഞ്ഞിട്ടുണ്ടല്ലോ പ്ലസ് ടൂ സ്കൂളുകളുടെ കാര്യത്തിൽ അഴിമതിയുണ്ടെന്ന്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ആരാണ് അങ്ങനെ പറഞ്ഞത് ?

ശ്രീ. ടി.എം. ജേക്കബ് : രഹസ്യ സംഭാഷണത്തിൽ പറഞ്ഞു. അത് ഇവിടെ പരസ്യമായി വിളിച്ചുപറയുവാൻ പറ്റില്ലല്ലോ. ആ ഒരു മാന്യത ഞങ്ങൾ പാലിക്കണ്ടേ ? അത് ഞങ്ങൾ പാലിക്കണമല്ലോ. ഇങ്ങനെയുള്ള ആക്ഷേപം എങ്ങനെയുണ്ടാകുന്നു ഇവിടെ ശ്രീ.പി.ജെ.ജോസഫ് ചോദിച്ചു, പ്രീ-ഡിഗ്രി ഡീലിങ്കിനെ നിങ്ങൾ എതിർക്കുകയാണോയെന്ന്. എതിർക്കുന്നില്ല. ആര് എതിർക്കുന്നു? ഞാനും ശ്രീ.പി.ജെ.ജോസഫും കൂടെയുള്ള മന്ത്രിസഭയിൽ 1986 മേയ്മാസം 15-ാം തീയതിയിൽ എടുത്ത ഡിസിഷനാണ് ഇത്. പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്യണമെന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അത് ഇപ്പോഴാണല്ലോ നടന്നത്.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ അതിലോട്ട് വരാം. അവസാനം പറയാം. ആ തീരുമാനം എടുത്ത ഐക്യജനാധിപത്യ മുന്നണി മന്ത്രിമാർ ഇവിടെ ഇരിപ്പുണ്ട്. അന്നത്തെ മന്ത്രിസഭയിലെ .....(ബഹളം).....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അതുകൂടി അംഗീകരിക്കുക. എന്നിട്ടു വേണം സംസാരിക്കുവാൻ.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇത് എന്താണെന്ന് അറിയാതെ, "അഞ്ജനമെന്നാലെനിക്കറിയാം മഞ്ഞളുപോലെ വെളുത്തിരിക്കും" എന്ന് പറയാതിരിക്കുന്നതാണ് നല്ലത്. അതൊന്നും പറയണ്ട.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : 1986-ൽ ഒരു തീരുമാനം മാത്രമല്ല പല തീരുമാനങ്ങളും ഉണ്ടായി. അത് പലതും ഇപ്പോൾ നടന്നു.

ശ്രീ. ടി.എം. ജേക്കബ് : അതിന്റെ ഒരു സന്തതിയാണ്. എം.എൽ.എ. ആയിട്ടിരിക്കുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ. ഞാൻ അതിലോട്ട് വരാം. ഇവിടെ കുട്ടികളുടെ ഭാവിയോ, വിദ്യാഭ്യാസ മേഖലയുടെ പുരോഗതിയോ അല്ലല്ലോ നിങ്ങളുടെ ലക്ഷ്യം. മറിച്ച് ഈ മേഖലയിൽ വിദ്യാഭ്യാസക്കച്ചവടമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. പ്രീ-ഡിഗ്രി യൂണിവേഴ്സിറ്റിയിൽ നിന്ന് വേർപ്പെടുത്തുന്ന കാര്യത്തെ സംബന്ധിച്ച് ബഹു:വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. 1996-ൽ മാത്രമല്ല. 1996,1997,1998 ഈ വർഷങ്ങളിൽ ഗവർണ്ണർ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രി ഇവിടെ പറഞ്ഞതുകൊണ്ട് മന്ത്രി സൗകര്യപൂർവ്വം ചില കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിസ്മരിച്ചതുകൊണ്ട് ഞാൻ ഒന്ന് സൂചിപ്പിക്കട്ടെ, 1996-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ എന്താണ് പറഞ്ഞത് ? ആ പറഞ്ഞ രൂപത്തിലല്ല മന്ത്രി ഇവിടെ പറഞ്ഞത്. 1996 ജൂലൈ 12-ാം തീയതി ശ്രീ. ഖുർഷിദ് ആലംഖാൻ നടത്തിയ പ്രസംഗം, പേജ് -22 പാരഗ്രാഫ് -55, " യു.ജി.സി. നയത്തിന് അനുരൂപമായി നിലവിലുള്ള കോളേജുകളിൽ നിന്നും പ്രീ-ഡിഗ്രി കോഴ്സുകൾ വേർപെടുത്താൻ, ഈ ആവശ്യത്തിലേയ്ക്കായി ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കാനും എന്റെ ഗവൺമെന്റ് ഉദ്ദേശിക്കുന്നു." ഇത് നിങ്ങൾ 1996-ൽ പറഞ്ഞു. ഞാൻ മുഴുവനും വായിച്ച് സമയം കളയുന്നില്ല. അതുകഴിഞ്ഞ് 1997 മാർച്ച് മാസം 6-ാം തീയതിയിലെ പ്രസംഗത്തിൽ ആവർത്തിച്ച് പറഞ്ഞു. പാരഗ്രാഫ് 35-ൽ. "ചില പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്." പിന്നീടും നിങ്ങൾ പറഞ്ഞു. 1998 മാർച്ച് മാസം 13-ാം തീയതിയിലെ പ്രസംഗം പേജ് -20, പാരഗ്രാഫ്-30 അതിൽ വീണ്ടും നിങ്ങൾ ഇത് ആവർത്തിച്ചു. 1996 മുതൽ ഈ വിഷയം ചർച്ചയ്ക്ക് കൊണ്ടുവന്നിട്ട് ഈ വർഷം പള്ളിക്കൂടം അനുവദിച്ചപ്പോൾ എന്താണ് ഉണ്ടായത് ? ഞാൻ ശ്രീ.പി.ജെ.ജോസഫിനോട് ചോദിക്കട്ടെ, ഇവിടെ സർവ്വേ നടത്തിയോ? 1996,1997,1998 ഈ മൂന്നു വർഷത്തിൽ നിങ്ങൾ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിനു ശേഷം ഈ വർഷം സ്കൂളുകൾ അനുവദിച്ചപ്പോൾ ഒരു സർവ്വേ നടത്താൻ നിങ്ങളെക്കൊണ്ട് സാധിച്ചോ? ഇപ്പോൾ എന്താണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തത്? 287 സ്കൂളുകളുടെ ലിസ്റ്റ് പ്രഖ്യാപിച്ചു. അതിനു പുറമേ 11 സ്കൂളുകളുടെ ലിസ്റ്റ് പറഞ്ഞു. അത് കൊടുക്കുവാൻ പാടില്ലെന്ന് എസ്.എഫ്.ഐ.ക്കാർ പറഞ്ഞുകൊണ്ടിരിക്കുകയാണ്. 11 സ്കൂളുകൾ പിന്നെ അനുവദിച്ചോ? 287-നു പുറമേ 11. അവിടെ പ്ലസ് ടൂ വന്നിട്ടില്ല. ഇതു വരെ സർക്കാർ ഉത്തരവ് പുറത്തുവന്നിട്ടില്ല. 287 സ്കൂളുകളിൽ അനുവദിച്ചിട്ട് എന്താണ് നിങ്ങൾ പറഞ്ഞത്. നിങ്ങൾ പറഞ്ഞു, എല്ലാ സ്കൂളിലും രണ്ട് സയൻസ് ബാച്ചും ഒന്നുകിൽ ഹ്യൂമാനിറ്റീസ് അല്ലെങ്കിൽ കോമേഴ്സ് ബാച്ചും നിങ്ങൾ തുടങ്ങിക്കോയെന്ന്. മന്ത്രിയുടെ ഒരു അനുഭവപാഠം ഇവിടെ പറഞ്ഞല്ലോ 74 ശതമാനം സ്വകാര്യ സ്കൂളുകളിലും 76 ശതമാനം സർക്കാർ സ്കൂളുകളിലുമോ ആദ്യം അനുവദിച്ച 1997-ലെ ലിസ്റ്റ് പ്രകാരം, സൗകര്യങ്ങൾ ഉണ്ടായിട്ടുള്ളൂ. വർഷം മൂന്ന് കഴിഞ്ഞു. ഇപ്പോൾ അനുവദിച്ചിട്ടുള്ള 287 സ്കൂളുകളിൽ എന്ത് സൗകര്യം ഉണ്ടാക്കും ? രണ്ട് സയൻസ് ബാച്ച്, ഒരു ഹ്യൂമാനിറ്റീസ് അല്ലെങ്കിൽ കോമേഴ്സ്. ഇത് കൊടുക്കുമ്പോഴുള്ള പ്രശ്നം എന്താണ് ? മന്ത്രി ഇവിടെ ഓരോ സ്ഥലത്തെയും വേർതിരിച്ച് കുറെ ലിസ്റ്റ് വായിച്ചല്ലോ. ഉദാഹരണമായി അങ്ങയുടെ ജില്ല പറയാം, ഉടുമ്പൻചോല മണ്ഡലത്തിൽപ്പെടുത്തിയാണ് എം.ഇ.എസ്. കോളേജ്. എം.ഇ.എസ്. കോളേജിൽ 800 സീറ്റ് ഉണ്ടായിരുന്നു. അവിടെനിന്നും പ്രീഡിഗ്രി ഡീലിങ്ക് ചെയ്തു. എന്നിട്ട് സ്കൂൾ അനുവദിച്ചത് എവിടെയാണ്? തൊടുപുഴ നിയോജകമണ്ഡലത്തിൽ. ഉടുമ്പൻചോലയിലെ കുട്ടികൾക്ക് ശ്രീ.പി.ജെ.ജോസഫിന്റെ നിയോജകമണ്ഡലമായ തൊടുപുഴയിൽ വന്നു പഠിക്കുവാൻ കഴിയുമോ?

ശ്രീ. പി. ജെ. ജോസഫ് : പാറത്തോട് എവിടെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : പാറത്തോട് ഇടുക്കിയിലാണ്. വേറൊരു കാര്യം പറയാം. എൻ.എസ്.എസ്.ന്റെ ജനറൽ സെക്രട്ടറിയുടെ ഒരു സ്റ്റേറ്റ്മെന്റ് ഞാൻ പത്രത്തിൽ വായിച്ചു. മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച നടത്തിയല്ലോ ; അദ്ദേഹം പറഞ്ഞത് എന്താണ്? പെരുന്ന എൻ.എസ്.എസ്.കോളേജിൽ 900 വിദ്യാർത്ഥികളെ പ്രീഡിഗ്രിക്ക് പ്രവേശിപ്പിക്കുവാൻ കഴിയുമായിരുന്നു അത് നിങ്ങൾ ഡീലിങ്ക് ചെയ്തു. ഡീലിങ്ക് ചെയ്തിട്ട് നിങ്ങൾ ഒരു സ്കൂളിൽ പ്ലസ് ടൂ അനുവദിച്ചു. ഒരു സ്കൂളിൽ മൂന്ന് ബാച്ച്. ഒരു ബാച്ചിൽ 50 കുട്ടികൾ വീതം. 50 ഗുണം 3 എത്രയാണ് ബഹു.മുഖ്യമന്ത്രി? 150. 900 വിദ്യാർത്ഥികൾ ഡീലിങ്ക് ചെയ്തപ്പോൾ 150 വിദ്യാർത്ഥികൾക്കായി. 800 ഡീലിങ്ക് ചെയ്തപ്പോൾ ഒരു പള്ളിക്കൂടത്തിന് 150 സീറ്റ് അനുവദിച്ചു. ഒരു സ്കൂളിനുപോലും പ്ലസ്ടൂ അനുവദിക്കാത്ത കോൺസ്റ്റിറ്റുവൻസിയുണ്ട്. ഇതാണോ ന്യായമായ ഒരു പരിപാടി നടത്തി എന്ന് നിങ്ങൾ പറയുന്നത്? ഒരു സർവ്വേ നിങ്ങൾ കണ്ടക്ട് ചെയതോ? മുന്നുപ്രാവശ്യം ഈ സഭയിൽ ഗവർണ്ണറെക്കൊണ്ട് പ്രഖ്യാപനം നടത്തി. ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു. 2000-2001 ആകുമ്പോൾ പ്രീഡിഗ്രി പൂർണ്ണമായി ഡീലിങ്ക് ചെയ്യുമെന്ന്. അദ്ദേഹം ഒരു വ്യക്തമായ കാഴ്ചപാട് കണ്ടുകൊണ്ടാണ് പറഞ്ഞത്. ഡീലിങ്ക് ചെയ്യട്ടെ. പക്ഷെ ഡീലിങ്ക് ചെയ്യുമ്പോൾ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ അത് ആലോചിക്കണമായിരുന്നു. നിങ്ങൾ അത് ചെയ്തില്ലല്ലോ ; നിങ്ങൾ ചെയ്തത് എന്താണ്? ഈ പ്രാവശ്യം നിങ്ങൾ പ്ലസ് ടൂ സംബന്ധിച്ച് ചർച്ച നടത്തി. ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ ഒരു പ്രസ്താവന പത്രത്തിൽ വായിച്ചു. എൽ.ഡി.എഫ് എന്തുപറഞ്ഞു എന്ന് അറിഞ്ഞുകൂടാ. ശ്രീ.വി.എസ്. അച്ചുതാനന്ദൻ പറഞ്ഞത് ഈ വർഷം പ്രീഡിഗ്രി കോഴ്സുകൾ കോളേജിൽ നിൽക്കട്ടെ എന്നാണ്.

ശ്രീ. പി. സി. ജോർജ് : സമയം വളരെ കുറവാണ്. പത്രവാർത്ത ഒന്നും പറയണ്ട.

ശ്രീ. ടി. എം. ജേക്കബ് : പത്രത്തിൽ വായിച്ചതല്ലേ ശ്രീ. പി. സി. ജോർജ് ? അത് പറയണ്ടേ ? അദ്ദേഹം പത്രത്തിൽ പറഞ്ഞതേ എനിക്ക് അറിയൂ. ഞാൻ പത്രത്തിൽ വായിച്ചതാണ്.

ഡോ. കെ. സി. ജോസഫ് : അങ്ങനെ പത്രത്തിൽ വന്നിട്ടില്ല.

ശ്രീ. ടി. എം. ജേക്കബ് : പത്രത്തിൽ വന്നിട്ടുണ്ട്. എനിക്ക് ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത്. അദ്ദേഹം അത് പറഞ്ഞപ്പോൾ ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു- 'അല്ല, സർക്കാർ തീരുമാനം 2000-2001-ൽ പ്രീഡിഗ്രി കംപ്ലീറ്റായിട്ട് ഡീലിങ്ക് ചെയ്യുക എന്നതാണ്'. ഒരു ദിവസം കഴിഞ്ഞ് ബഹു.മുഖ്യമന്ത്രി ക്യാബിനറ്റിന്റെ ബ്രീഫിംഗിൽ ഈ കാര്യം പറഞ്ഞു. ഇവിടെത്തന്നെ ഒരു തർക്കം- ഇത് വേണമോ വേണ്ടയോ എന്ന്. ഈ തർക്കം ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഇത് ഫലപ്രദമായി ചെയ്യാൻ കഴിയുമായിരുന്നില്ലേ ? ഇവിടെ എന്താണ് ഉണ്ടായത് ? ഫീഡർ മേഖലയിൽ നിങ്ങൾ കൊടുത്തിട്ടില്ല. ഇപ്പോൾ അനുവദിച്ചിരിക്കുന്ന സ്കൂളുകളിൽത്തന്നെ ഇനി ഫെസിലിറ്റീസ് ഉണ്ടോയെന്ന് അന്വേഷിക്കുവാൻ പോവുകയാണ്. ഞാൻ ബഹുമന്ത്രിയോട് ചോദിക്കട്ടെ, നിങ്ങൾക്ക് എന്ത് സൗകര്യമുണ്ട് ഇത് അന്വേഷിക്കുവാൻ ?

തിരുവനന്തപുരത്തുള്ള ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഒരു ഡയറക്ടറും ശുഷ്കമായ സ്റ്റാഫുമാണുള്ളത്. കേരളത്തിലെ വടക്ക് മുതൽ തെക്കുവരെയുള്ള പ്രദേശങ്ങളിൽ ഈ ഡയറക്ടറേറ്റിൽ നിന്ന് ആളുകൾ പോയി ഫെസിലിറ്റീസ് നോക്കണമെന്ന് പറഞ്ഞാൽ സാധിക്കുമോ ? ധനകാര്യമന്ത്രി ഇരിപ്പുണ്ട്. റീജിയണൽ ആഫീസ് എവിടെയെങ്കിലും ആരംഭിച്ചോ ? 1996-ൽ ഗവൺമെന്റ് വന്നപ്പോൾ പറഞ്ഞതല്ലേ. റീജിയണൽ ആഫീസ് ആരംഭിച്ചോ? ഇതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഉണ്ടാക്കിയോ ? ഉണ്ടാക്കിയില്ലല്ലോ ? ഉണ്ടാക്കാതെ നിങ്ങൾ അനുവദിച്ചു. വണ്ടിയുടെ പുറകിൽ ബുദ്ധിയുള്ളവരാരും കാളയെ കെട്ടുകയില്ല. അത് മനസ്സിലാക്കുക. നിങ്ങൾ ചെയ്യേണ്ട കാര്യം ആദ്യം ചെയ്തില്ല. അതുകൊണ്ട് സംഭവിച്ചിരിക്കുന്നതാണ് ഈ പ്രശ്നം. സർ, പിന്നെ നടന്നതെന്താണ്? പള്ളിക്കൂടം എത്ര കൊടുക്കണം, പ്ലസ് ടൂ സ്കൂളുകൾ എത്ര കൊടുക്കണം എന്നുള്ളതാണ്. ആദ്യം സി.പി.എം പറഞ്ഞു തൽക്കാലം 100 മതിയെന്ന്. സി.പി.ഐ. കുറച്ചുകൂടി ഭേദപ്പെടുത്തി പറഞ്ഞു 150 വേണമെന്ന്. അല്ലെങ്കിൽ 200 പള്ളിക്കൂടത്തിന് മുകളിലേയ്ക്ക് പോകേണ്ട എന്ന്. ചെറിയ കക്ഷികൾ അല്പം കൂടി കൂട്ടി. ശ്രീ.പി.ജെ.ജോസഫ് രണ്ട് സ്റ്റേറ്റ്മെന്റ് ഇറക്കി. ഒന്ന് 250 അല്ലെങ്കിൽ 300 എന്നാണ്. ഇതിന്റെ തർക്കം ക്യാബിനറ്റ് സബ്കമ്മിറ്റി ദീർഘമായി അന്വേഷിച്ചു നടന്നു. അന്വേഷണം നടത്തിയിട്ട് തർക്കം എവിടെകൊണ്ടു നിന്നു? തിരുവനന്തപുരത്ത് ചർച്ച തുടങ്ങി. എൻ.എച്ച് 47-ൽ കൂടി ചർച്ച നടത്തി പോയി. ഇവിടെനിന്നു തിരിച്ച് കായംകുളത്തു ചെന്നു. കേന്ദ്രസർക്കാരിന്റെ ഗസ്റ്റ്ഹൗസിൽ ഹാൾട്ട് ചെയ്തു. അവിടെ ഒരു ചർച്ച നടത്തി. അവിടെ നിന്ന് വടക്കോട്ട് തൃശ്ശൂരിലേയ്ക്ക് പോയി. അവിടെ ചർച്ച നടത്തി. അവിടെ നിന്ന് തിരിച്ചു വീണ്ടും തിരുവനന്തപുരത്ത് വന്നു. തിരുവനന്തപുരത്ത് വന്നശേഷം എ.കെ.ജി സെന്ററിൽ ചർച്ച നടത്തി. ബഹു: മന്ത്രിയുടെ ആഫീസിൽ ചർച്ച നടത്തി. അതു കഴിഞ്ഞ് മന്ത്രിയുടെ വീട്ടിൽ ചർച്ച നടത്തി. ഈ ചർച്ചയൊക്കെ നടക്കുമ്പോൾ കോർപ്പറേറ്റ് മാനേജർമാർ അധികമൊന്നും വന്നിട്ടില്ല. ഇൻഡിവിഡുവൽ മാനേജർമാർ പലരും വന്നു. അവരുമായിട്ട് പലരും ഉഭയകക്ഷി ചർച്ചകൾ സ്റ്റാർ ഹോട്ടലുകളിൽ വച്ച് നടത്തിയിട്ടുണ്ട്. കോർപ്പറേറ്റ് മാനേജ്മെന്റിന് കൊടുത്താൽ പലതും നടക്കുകയില്ല. ഇടുക്കി ജില്ലയിൽ ഇൻഡിവിഡുവൽ മാനേജ്മെന്റിന് കൊടുത്തിട്ടുണ്ടോ എന്ന് ശ്രീ. പി.ജെ.ജോസഫ് ചോദിക്കുകയുണ്ടായി. അവിടെ കൂടുതലും കോർപ്പറേറ്റാണ്. അവിടെ ആർക്കാണ് കൂടുതൽ സ്കൂളുകളുള്ളത്? കോതമംഗലം രൂപതയ്ക്കാണ്. കോതമംഗലം രൂപതയ്ക്കുള്ള സ്കൂളുകളാണ് ഇടുക്കി ജില്ലയ്ക്ക് കൂടുതലുള്ളത്. അത് കോർപ്പറേറ്റിലാണ്. അതുകൊണ്ട് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പ്രശ്നങ്ങൾ കാണിച്ച് ഇതിനകത്ത് ഒന്നും പറയാതിരിക്കുകയാണ് ഭേദം. ഈ സ്കൂൾ ലിസ്റ്റ് തയ്യാറാക്കിയതിൽ ബഹു: പി.ജെ.ജോസഫിന് എത്രമാത്രം ഇൻവോൾവ്മെന്റുണ്ട് ? ഞാൻ ശ്രീ. പി. ജെ. ജോസഫിനോട് അറിഞ്ഞുകൊണ്ട് ഒരു ചോദ്യം ചോദിക്കുകയാണ്. എറണാകുളം ജില്ലയിലെ പാലപ്പുഴ പള്ളിക്കൂടം നമുക്ക് രണ്ടു പേർക്കും അറിയാവുന്ന സ്കൂളാണ്. കൂത്താട്ടുകുളത്തിനടുത്താണ്. എറണാകുളം ജില്ലയിലെ നമ്പർ വൺ ഹൈസ്കൂളാണ്. റിസൾട്ടിന്റെ കാര്യത്തിലും അക്കാഡമിക് പെർഫോമൻസിലും അങ്ങനെ തന്നെ. 12 ലക്ഷം രൂപ മുടക്കി ജനകീയാസൂത്രണത്തിൽ പി.ടി.എയുടെ സഹായത്തോടുകൂടി പ്ലസ്

LIBRARY ARCHIVES Kerala Legislative Assembly

ടൂ-വിന് കെട്ടിടം പണിതു. അത് ശ്രീ.പി.ജെ.ജോസഫിന് അറിയാവുന്ന കാര്യമാണ്. അദ്ദേഹം ഉൽഘാടനത്തിന് ഡേറ്റും കൊടുത്തു. ലിസ്റ്റ് വന്നപ്പോൾ ആ പള്ളിക്കൂടത്തിന്റെ പേരില്ല. എം.എൽ.എ ശ്രീ.ജോണി നെല്ലൂർ, അവിടത്തെ മറ്റാളുകൾ, ശ്രീ.പി.ജെ.ജോസഫിന്റെ കക്ഷിയിലെ ആളുകൾ സി.പി.എം.ന്റെ ആളുകൾ എല്ലാവരും കൂടി ശ്രീ.പി.ജെ.ജോസഫിന്റെ പാലപ്പുഴയിലുള്ള വീട്ടിൽ ചെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, മൂന്ന് മണി വരെ ലിസ്റ്റിൽ പേരുണ്ടായിരുന്നു. പിന്നെ അതാരു വെട്ടിയെന്ന് എനിക്കറിഞ്ഞുകൂടാ എന്നാണ്. ശ്രീ. പി. ജെ. ജോസഫ് എല്ലാ കക്ഷികളുടെയും സാന്നിധ്യത്തിൽ വച്ചു പറഞ്ഞ വാക്കാണ്. അപ്പോൾ ആരാണ് ഇതു വെട്ടിയത് ? എന്തിന് വെട്ടി? ഒരു സർക്കാർ പള്ളിക്കൂടമാണ്. അതിന്റെ പേരാണ് വെട്ടിയിരിക്കുന്നത്.....

ഡോ.കെ.സി.ജോസഫ് : പാലപ്പുഴ സ്കൂളിൽ വേണ്ടെന്നു പറഞ്ഞു....

ശ്രീ. ടി. എം. ജേക്കബ് : സർ, ശുദ്ധ അസംബന്ധമാണ് സഭയിൽ ഡോ. കെ.സി.ജോസഫ് പറയുന്നത്. ഞാൻ ശ്രീ.പി.ജെ.ജോസഫിനെ വെല്ലുവിളിക്കുകയാണ്. പാലപ്പുഴ സ്കൂളിൽ കൊടുക്കണമെന്ന് ബഹു:പി.ജെ.ജോസഫിനോട് ഞാൻ നേരിട്ട് പറഞ്ഞതാണ്. അല്ലെന്നുണ്ടെങ്കിൽ അദ്ദേഹം അത് പറയട്ടെ. ഡോ.കെ.സി.ജോസഫിനെ വക്കാലത്ത് കൊടുത്തു വിട്ടിരിക്കുകയാണ്. ശ്രീ.പി.ജെ.ജോസഫിനെ വെള്ളത്തിലാക്കും. അതിനൊരു സംശയവും വേണ്ട. കുട്ടനാടിൽ ഇഷ്ടംപോലെ കൊടുത്തില്ലേ?12-ഉം, 14-ഉം 16-ഉം പ്ലസ് ടൂ സ്കൂളുകൾ കെടുത്തില്ലേ? ഇവിടെയൊക്കെ ആരുടെയെങ്കിലും നിയോജക മണ്ഡലങ്ങളിൽ പ്ലസ് ടൂ സ്കൂളുകൾ കൊടുത്തോ? ഇതൊക്കെ ശരിയാണോ? ബഹു: മുഖ്യമന്ത്രി ആലോചിക്കണം. സ്വന്തം കക്ഷിയിലെ ഒരു എം.എൽ.എയ്ക്ക് കുറച്ച് ആനുകൂല്യങ്ങൾ കൊടുക്കാം. പക്ഷേ ഇങ്ങനെ വാരിക്കോരി കൊടുക്കുന്ന ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? എന്ത് ഏർപ്പാടാണ് കാണിക്കുന്നത് ? കുട്ടനാട്ടിൽ എത്ര കൊടുത്തു എന്ന് എനിക്കറിയാം. സർ, ഗുണപരമായ മാറ്റത്തിനുള്ള അവസരങ്ങൾ പാഴാക്കിയിട്ടാണ് പ്ലസ് ടൂ ഡീലിങ്ക് ചെയ്യാനുള്ള നടപടി ആരംഭിച്ചിരിക്കുന്നത്. ഡോ.രാധാകൃഷ്ണൻ പറഞ്ഞ ഒരു വാക്ക് ഞാൻ കോട്ട് ചെയ്യുകയാണ്. " ഒരു തലമുറയുടെ വിദ്യാഭ്യാസം കൊണ്ട് കളിക്കുമ്പോൾ നിങ്ങൾ തകർക്കുന്നത് വരാനിരിക്കുന്ന പല തലമുറകളെയാണ്" എന്ന് രാഷ്ട്രപതിയും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന ഡോ.രാധാകൃഷ്ണൻ ഒരു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വാസ്തവത്തിൽ പ്ലസ് ടൂ സ്കൂളുകൾ കൊടുക്കുമ്പോൾ ശ്രീ.പി.ജെ.ജോസഫ് ഈ വാക്ക് മനസ്സിൽ വയ്ക്കുന്നത് നല്ലതാണ്. നിങ്ങളുടെ കാലത്ത് നടക്കുന്ന ഇത്തരം ഏർപ്പാടുകൾ സംസ്ഥാനത്തിനാകെ അപമാനകരമായ സ്ഥിതിയാണ്. ബഹു.ധനകാര്യ വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപയാണ് പ്ലസ്ടൂവിന് അനുവദിച്ചിട്ടുള്ളത് ? 15 കോടി രൂപയാണ്. ബഹു: പി. ജെ. ജോസഫ് തന്ന കണക്കനുസരിച്ച് 516 സ്കൂളുകൾ നിലവിലുണ്ട്. മുമ്പ് 287 ഉണ്ട്. 516 സ്കൂളുകളിലായി ടോട്ടൽ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെങ്കിൽ മാത്രം 88 കോടി രൂപ വേണം. ലാബ് അറ്റൻഡർ അടക്കമുള്ള പോസ്റ്റുകളിലേയ്ക്കുള്ള ആളുകളുടെ ശമ്പളം കൊടുക്കണമെങ്കിൽ എട്ട് കോടി രൂപ വേണം. കറന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇയറിൽ നിലവിലുള്ള പള്ളിക്കൂടങ്ങൾ നടത്തിക്കൊണ്ടു പോകണമെങ്കിൽ 96 കോടി രൂപ വേണം. ബഡ്ജറ്റിൽ വച്ചിരിക്കുന്നത് 15 കോടി രൂപയാണ്. നേരത്തെയുള്ള 287-ഉം ഇപ്പോഴത്തെ 11-ഉം ചേർത്ത് 300 പള്ളിക്കൂടം എത്തുകയാണ്. ബഹു: മന്ത്രി പറഞ്ഞ കണക്കനുസരിച്ച് ഇനിയും വരും. അങ്ങനെ വരുമ്പോൾ ഈ വർഷം കൊടുത്ത പള്ളിക്കൂടങ്ങൾക്ക് 54 കോടി രൂപ ലാബ് അറ്റൻഡറടക്കമുള്ള ആളുകൾക്ക് ശമ്പളം കൊടുക്കാൻ ആറ് കോടി രൂപ. അങ്ങനെ 60 കോടി രൂപ. ഏകദേശം 156 കോടി രൂപ കറന്റ് അക്കാഡമിക് ഇയറിൽ വേണം പണമുണ്ടോ ? പണം കൊടുത്തിട്ടുണ്ടോ ? അപേക്ഷ ക്ഷണിച്ച കൂട്ടത്തിൽ ബഹു: മന്ത്രി പ്ലസ് ടൂ-വിന് അൺ എയിഡഡ് സ്കൂളുകളിൽ നിന്ന് എന്തിനാണ് അപേക്ഷ ക്ഷണിച്ചത്? അവർ അപേക്ഷ കൊടുത്തു. ആ കണക്കും കൂടി കൂട്ടിയാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. പിന്നീട് ഈ സ്കൂളുകൾക്ക് കൊടുക്കേണ്ട എന്ന് ഇടതുപക്ഷ മുന്നണി തീരുമാനിച്ചു. അത് നയപരമായ തീരുമാനം ആയിരിക്കാം. പക്ഷേ ഇതിനകത്ത് വന്നിരിക്കുന്നത് എന്താണ്? നല്ല നിലയിൽ നടന്നുവരുന്ന അൺ എയിഡഡ് സ്കൂളുകളിൽ നിങ്ങൾ പ്ലസ് ടൂ സൗകര്യങ്ങൾ കൊടുക്കുകയില്ലേ ? ഇതാണോ വിദ്യാഭ്യാസ നയം? അല്ലെങ്കിൽ നിങ്ങളിത് വേണ്ടെന്ന് വയ്ക്കണം. ഒന്നുകിൽ ഗവൺമെന്റ് ഏറ്റെടുക്കണം. അല്ലെങ്കിൽ അൺ എയിഡഡ് സ്കൂളുകളാക്കണം. നല്ല നിലയിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകൾക്ക് കൊടുത്തില്ല. എന്നിട്ട് അവരോട് മന്ത്രി പറഞ്ഞത്, നിങ്ങൾ ഹൈക്കോടതിയിൽ പോകൂ, നിങ്ങൾ കേസ് കൊടുത്ത് വിധിയുമായിട്ട് വന്നാൽ സ്കൂളുകൾ തരാമെന്നാണ്. എന്തിനാണ് ഈ ഏർപ്പാട് ചെയ്യുന്നത് ? എന്തിന് അപേക്ഷ ക്ഷണിച്ചു ? അതിന് മറുപടി ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയണം. നിങ്ങൾക്കത് പറയാൻ കഴിയില്ല. ഇവിടെ ശ്രീ.കടകംപള്ളി സുരേന്ദ്രൻ ചില കാര്യങ്ങളൊക്കെ പറയുകയുണ്ടായി. പ്രീഡിഗ്രി ബോർഡിനെ എതിർത്തു എന്നൊക്കെയാണ് പറഞ്ഞത്. അന്ന് കടകംപള്ളി സുരേന്ദ്രൻ സഭയിൽ ഇല്ല, ഞാൻ മന്ത്രിയായിരുന്നു, എന്റെ കൂടെ ശ്രീ.പി.ജെ.ജോസഫുമുണ്ടായിരുന്നു, ഞങ്ങൾ ഒരു കക്ഷിയിലാണ്. അന്നത്തെ ക്യാബിനറ്റ് എടുത്ത ഡിസിഷൻ ഉണ്ട്. 1986 മേയ് 15-നാണ്. ക്യാബിനറ്റ് ഫയൽ അവിടെയുണ്ട്. ബഹു.മുഖ്യമന്ത്രിക്ക് അതു പരിശോധിക്കാം. അതിനകത്ത് എടുത്ത തീരുമാനം-ഒന്ന്; യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രീഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്ത് പ്രത്യേക ബോർഡിന് കീഴിൽ കൊണ്ടുവരിക. ആ ബോർഡിന്റെ പേര് പ്രീഡിഗ്രി ബോർഡ് എന്നായിരിക്കുക. രണ്ട് - ഇപ്പോൾ ഈ കോഴ്സ് നടന്നുവരുന്ന കോളേജുകളിൽത്തന്നെ ഇത് നിലനിർത്തുക. മൂന്ന് - പ്രീഡിഗ്രി ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കുക, നാല് ഈ കാര്യത്തിലേയ്ക്ക് ആവശ്യമായിട്ടുള്ള മറ്റ് നടപടികൾ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് സ്വീകരിക്കുക എന്നിവയാണ്. ഇതാണ് നാല് ഡിസിഷൻ. ഈ തീരുമാനം വന്നാൽ അഡീഷണലായിട്ട് ഒരു കമ്മിറ്റ്മെന്റ് ഉണ്ടാകുമായിരുന്നോ? കോളേജുകൾ സെപ്പറേറ്റായിട്ട് നിർത്താൻ പറഞ്ഞു. നിങ്ങൾ ഓരോ കോളേജിലും എത്രമാത്രം അധ്യാപകരെ വെറുതെ നിർത്തി ശമ്പളം കൊടുക്കുന്നു? ഒരു ജോലിയും ചെയ്യാതെ അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നു. പ്ലസ് ടൂ-വിലേയ്ക്കുള്ള പുതിയ റിക്രൂട്ട്മെന്റിൽ അധ്യാപകരെ കിട്ടാൻ സാധ്യതയില്ലാതെ വരുമ്പോൾ ദിവസക്കൂലിക്ക് അധ്യാപകരെ നിയമിക്കുകയാണ്. 60 രൂപ കൂലിക്കാണ്. 60 രൂപ കൂലിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പഠിപ്പിക്കാൻ വരുന്നവന് എന്ത് കമ്മിറ്റ്മെന്റ് ഈ രാജ്യത്തെ വിദ്യാഭ്യാസ മേഖലയോടുണ്ട്? അത് വിദ്യാഭ്യാസ മന്ത്രി പറയണം. നിങ്ങൾക്ക് റിക്രൂട്ട്മെന്റ് നടത്താൻ കഴിഞ്ഞിട്ടുണ്ടോ? മലയാള മനോരമ പത്രത്തിൽ വന്ന ഒരു റിപ്പോർട്ടിലെ ഒരു വാക്ക് ഞാൻ വായിക്കാം. അതിൽ പറയുന്നു. " അർഹതപ്പെട്ടവർക്ക് പ്ലസ്ടു കോഴ്സുകൾ അനുവദിക്കുക എന്ന വാഗ്ദാനം ലംഘിക്കാൻ തന്നെ നിർബന്ധിതനാക്കിയത് ഇടതുമുന്നണി നേതൃയോഗമാണെന്ന്. 1999-ലെ ലിസ്റ്റിനെക്കുറിച്ച് ആരോപണങ്ങൾ ഉയർന്നപ്പോൾ ശ്രീ.പി.ജെ. ജോസഫ് തുറന്നു പറയുകയുണ്ടായി "..... (ബഹളം).....പത്രത്തിൽ വന്ന വാർത്തയാണ്. 2000 ജൂൺ 6 -നാണ് അന്വേഷിച്ചു നോക്കൂ. ഈ സ്കൂൾ ലിസ്റ്റ് തയ്യാറാക്കി നിങ്ങൾ നടത്തിയ വ്യാപകമായ ക്രമക്കേടുകൾക്കുപിന്നിൽ ഒട്ടേറെ അഴിമതികൾ നടന്നുവെന്ന് ആക്ഷേപം വന്നിരിക്കുന്നു. അത് അന്വേഷണവിധേയമാക്കണ്ടേ ? ബഹു.മുഖ്യമന്ത്രി ഇവിടെയിരിപ്പുണ്ട്. അദ്ദേഹം പത്രക്കാരോട് നിയമസഭയിൽ എന്തും പറയാമെന്ന് ക്യാബിനറ്റ് മീറ്റിംഗിൽ ബ്രീഫ് ചെയ്തു. ഞങ്ങൾ അങ്ങനെ ഉദ്ദേശിക്കുന്നില്ല. നിയമസഭയിൽ പറയുന്നതിന് ഉത്തരവാദിത്വ ബോധമുണ്ട്, നിയമസഭയിൽ പറയുന്നത് വിലയുണ്ട്. ഞങ്ങൾ വിശ്വസിക്കുന്ന പാർലമെന്ററി ജനാധിപത്യം അതാണ്. മുഖ്യമന്ത്രിക്ക് വ്യത്യസ്തമായ കാഴ്ചപ്പാട് കാണും. ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഇതിനെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രീഡിഗ്രി ബോർഡിന്റെ ഒരു നയപരമായ തീരുമാനത്തിന്റെ പേരിൽ കേരളം മുഴുവൻ ഇളക്കിമറിച്ച്, നിരപരാധികളായ കുട്ടികളുടെ പരീക്ഷാഫലം വരെ താറുമാറാക്കിയ ചില ജീവനക്കാർ കേരള യൂണിവേഴ്സിറ്റിയിലുണ്ട്. മന്ത്രിമാരെ വഴിയിൽ തടഞ്ഞ് രാജ്യം മുഴുവൻ കത്തിച്ച ഡി.വൈ.എഫ്.ഐ.ക്കാരും എസ്.എഫ്.ഐ.ക്കാരുമുണ്ട്. അതിന്റെ സന്തതികളിലൊന്നാണ് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ.കടകംപള്ളി സുരേന്ദ്രൻ അടക്കമുള്ള ആളുകൾ. അവർ ഇപ്പോൾ പറയുന്നു, വിദ്യാഭ്യാസം കച്ചവടമാക്കരുത്, സമുദായങ്ങൾക്ക് കൊടുക്കരുതെന്ന്, കൊടുക്കുന്നത് മുഖ്യമന്ത്രിയാണ്. നിങ്ങൾ അവിടെ തീരുമാനിച്ചു ; എല്ലാവർക്കും പരാതി, എല്ലാ സമുദായങ്ങൾക്കും പരാതി, ജനങ്ങൾക്കാകെ പരാതി, എം.എൽ.എ. മാർക്ക് പരാതി. ഞങ്ങളെടുത്ത ഒരു നയപരമായ തീരുമാനം ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കിയ മുഖ്യമന്ത്രിയാണ് ഇപ്പോൾ ആ കസേരയിലിരിക്കുന്നത്. ഞങ്ങളുടെ ക്യാബിനറ്റ് എടുത്ത തീരുമാനം അനവസരത്തിലായിരുന്നോ ? ധൃതിപിടിച്ചായിരുന്നോ? അന്വേഷിക്കാൻ റിട്ടയേർഡ് ജസ്റ്റിസ് നരേന്ദ്രനെ നിങ്ങൾ നിയമിച്ചു. ഏകദേശം ഒരു വർഷക്കാലത്തോളം ഞാനും അന്നത്തെ മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരനും ഈ കമ്മിഷന് പുറകെ നടക്കേണ്ടി വന്നു. ആ കമ്മിഷൻ റിപ്പോർട്ട് കൊണ്ടു വന്നു. അത് ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. കേരള നിയമസഭയിൽ വേറെ ഒരു കമ്മിഷൻ റിപ്പോർട്ടും ഇതുവരെ ചർച്ച ചെയ്തിട്ടില്ല. ആ ചർച്ച കഴിഞ്ഞ് കരുണാകരനേയും ടി.എം.ജേക്കബിനേയും പ്രോസിക്യൂട്ട് ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. എന്തിനാണ് ? ക്യാബിനറ്റിലെടുത്ത നയപരമായ തീരുമാനത്തിന് ഞങ്ങളെ പ്രോസിക്യൂട്ട് ചെയ്യുമെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടെ മുഖ്യമന്ത്രി, നിങ്ങളുടെ ആ ധാർമ്മിക ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കുമെങ്കിൽ ഈ നടന്ന അഴിമതിയെക്കുറിച്ച്, ഈ ലിസ്റ്റുണ്ടാക്കിയതിനെക്കുറിച്ച്, ഈ നടന്ന

LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമങ്ങളെക്കുറിച്ച്, ജുഡിഷ്യൽ അന്വേഷണം നടത്താൻ നിങ്ങൾ തയ്യാറുണ്ടോ ? തെളിവ് ഞങ്ങൾ നൽകാം. ഇതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് യു.ഡി.എഫ്. ആവശ്യപ്പെട്ടു. മന്ത്രിയെ മാറ്റിനിർത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടികളുടെ അഡ്മിഷൻ പ്രശ്നം പരിഹരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും ആവശ്യമായ, കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ ഈ സ്ഥിതിവിശേഷം ഈ സഭയിൽ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എവിടെയാണ് ചർച്ച ചെയ്യേണ്ടത് ? പ്രീഡിഗ്രി ബോർഡ് നയപരമായ തീരുമാനം ദിവസങ്ങളോളം ചർച്ച ചെയ്ത നിയമസഭയാണ് കേരള നിയമസഭ, അത് നിങ്ങൾ മറക്കണ്ട. ആ നിയമസഭയിൽ നിന്ന് ഞാൻ പറയുന്നു, നിങ്ങൾ കാണിക്കുന്ന ഈ അനീതി, നിങ്ങൾ കാണിക്കുന്ന തെറ്റ്, നിങ്ങൾ കാണിക്കുന്ന ക്രമക്കേട്, നിങ്ങൾ കാണിക്കുന്ന അഴിമതി, ഇതിനെതിരെ ജുഡിഷ്യൽ അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടു വരാൻ നിങ്ങൾ തയ്യാറാകണം. തെളിവുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. സഭ നിർത്തി വച്ച് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : സർ, ബഹു:ടി.എം.ജേക്കബ്, നിയോജകമണ്ഡലങ്ങളോട് വളരെ തെറ്റായ ഒരു സമീപനം സ്വീകരിച്ചു. അവഗണന കാണിച്ചു. പി.ജെ. ജോസഫിന്റെ പാർട്ടിയിൽപ്പെട്ട എം.എൽ.എമാർക്ക് വാരിക്കോരി കൊടുത്തു എന്നു പറഞ്ഞു. അദ്ദേഹം കുട്ടനാട്ടിൽ എത്രയെന്ന് ചോദിച്ചു. കുട്ടനാട്ടിൽ ഈ വർഷം അനുവദിച്ചിരിക്കുന്നത് മൂന്ന് സ്കൂളുകളാണ്...(ബഹളം) കഴിഞ്ഞ വർഷത്തെയും പറയാം, ചോദിക്കുന്നതിനൊക്കെ മറുപടിയുണ്ട്. ശ്രീ.ടി.എം.ജേക്കബിന്റെ പാർട്ടിയിൽ രണ്ട് എം.എൽ.എ.മാരാണ് ഉള്ളത്. അതിൽ മൂവാറ്റുപുഴ എം.എൽ.എ ശ്രീ. ജോണി നെല്ലൂരിന്റെ മണ്ഡലത്തിൽ ഈ വർഷം അനുവദിച്ചിരിക്കുന്നത് മൂന്ന് സ്കൂളുകളാണ്. ശ്രീ.ടി.എം.ജേക്കബിന്റെ മണ്ഡലത്തിൽ മൂന്ന് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. ശ്രീ.ടി.എം.ജേക്കബിന്റെ മണ്ഡലത്തിലും മൂന്ന് സ്കൂൾ ശ്രീ.കെ.സി.ജോസഫിന്റെ മണ്ഡലത്തിലും മൂന്ന് സ്കൂൾ അനുവദിച്ചിട്ടുണ്ട്. (ബഹളം) ശ്രീ.പി.സി.ജോർജിന്റെ മണ്ഡലത്തിൽ ഇത്തവണ അനുവദിച്ചിരിക്കുന്നത് രണ്ട് സ്കൂളുകളാണ്. ശ്രീ. ടി. എസ്. ജോണിന്റെ മണ്ഡലത്തിൽ രണ്ട് സ്കൂളുകളാണ് അനുവദിച്ചിരിക്കുന്നത്.(ബഹളം).. അത് കുറവു വരുത്തി (ബഹളം) അതു കൊണ്ടാണ് ആ പിശക് ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെന്റ് അത് തിരുത്തുമെന്ന് പറഞ്ഞിരിക്കുന്നത്. തിരുത്തും. ഉടുമ്പൻചോല മണ്ഡലത്തിലെ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്തു. ഒരു സംശയവും വേണ്ട, അത് തിരുത്തും. ഞാൻ പിടിച്ച മുയലിന് കൊമ്പ് മൂന്ന് എന്നുള്ള സമീപനമില്ല. അതിൽ പിശക് വന്നിട്ടുണ്ടെങ്കിൽ തിരുത്തും. ആലപ്പുഴ മണ്ഡലത്തിൽ എന്തെങ്കിലും വിവേചനം കാണിച്ചിട്ടുണ്ടോ ? ഒരു വിവേചനവുമില്ല. പിന്നെ എവിടെയാണ് വിവേചനം കാണിച്ചിരിക്കുന്നത്? ഉടുമ്പൻചോലയിൽ അത് തിരുത്തും ..(ബഹളം)... അത് പരിഹരിക്കും..(ബഹളം)...ആലുവയിലേതും പരിഹരിക്കും (ബഹളം)... കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ മൂന്ന് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. മുണ്ടക്കയത്തേതും പരിഹരിക്കും. കോളേജുകളോടനുബന്ധിച്ച സ്കൂൾ കൊടുക്കാതെപോയിട്ടുള്ള കാര്യങ്ങൾ പരിഗണിക്കുവാൻ തീരുമാനമെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയും ഞാനും കൂടി ബന്ധപ്പെട്ടവരുടെ ഒട്ടേറെ പരാതികൾ കേട്ടു കൊണ്ടിരിക്കുകയാണ്. ഇതിൽ കുറെ പരാതികൾ പരിഹരിക്കാൻ കഴിയും. 988 അപേക്ഷകൾ എയ്ഡഡ് സ്കൂളുകളുടേതാണ്. അവിടെ 143 എണ്ണം കൊടുത്തപ്പോൾ പരാതികൾ സ്വാഭാവികമാണ്, മുഴുവൻ പരിഹരിക്കാൻ പറ്റില്ല. കുറെ പരിഹരിക്കുമെന്നുമാത്രമേ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ബഹു: ടി. എം. ജേക്കബ് ഇവിടെ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ പരിശോധിക്കാൻ സംവിധാനമുണ്ടോ എന്ന് ചോദിച്ചു. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ആളുകളെ അപ്പോയിന്റ് ചെയ്ത് നമ്മുടെ ഇപ്പോഴുള്ള ആഫീസിന്റെ മോഡലിൽ കൊണ്ടുപോകാനല്ല, അത് മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യുകയാണ്. അവിടെയിരുന്നാൽ മുഴുവൻ വിവരങ്ങളും കിട്ടുന്ന സംവിധാനമുണ്ടാക്കുകയാണ്. ഒരുമാസത്തിനുള്ളിൽ അത് പൂർത്തിയാകും. അങ്ങനെയാണ് ചെയ്യാൻ പോകുന്നത്. ഐ.എച്ച്.ആർ.ഡി.ഇ.യിൽ 6000 കുട്ടികളുണ്ട്. ചെറിയ സ്കെലിട്ടൺ സ്റ്റാഫാണ് അത് കൈകാര്യം ചെയ്യുന്നത്. അത്തരത്തിൽ ആഫീസുകൾ കാര്യക്ഷമമാക്കാൻ തീരുമാനിച്ചിരിക്കുന്നു. കുട്ടികളുടെ ഭാവിയെപ്പറ്റി ഈ ഗവൺമെന്റിന് ആശങ്കയുണ്ടോ, ചിന്തയുണ്ടോ, എന്ന് അദ്ദേഹം ഇവിടെ ചോദിച്ചു. ഡോ.രാധാകൃഷ്ണന്റെ വാക്കുകളുദ്ധരിച്ചു ഈ സംസ്ഥാനത്തെ കുട്ടികളെപ്പറ്റി ഏറ്റവുമധികം ആശങ്കയുള്ള, അവരെപ്പറ്റി കൺസേണുള്ള ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ബഹു: ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇത്രമാത്രം സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ബഡ്ജറ്റിൽ കഴിഞ്ഞ വർഷം 15 കോടി രൂപയേ ഉണ്ടായിരുന്നുള്ളുവെങ്കിലും 56 കോടി രൂപ കൊടുത്തു. ബഡ്ജറ്റിലുള്ള തുകയുടെ എത്രയോ ഇരട്ടി അദ്ദേഹം കൊടുത്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിനുള്ള പ്രാധാന്യം കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, കണക്കാക്കിയാൽ...

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 1998-99-ലെ സി.എ.ജി.റിപ്പോർട്ടിൽ, ബഹു: മന്ത്രി 310 കോടി രൂപ ലാപ്സാക്കിയിരിക്കുന്നു എന്നാണ്.

ശ്രീ.പി.ജെ.ജോസഫ് : സർ, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നമുക്ക് ചർച്ച ചെയ്യാം. ഡിമാന്റ് ഡിസ്ക്കഷനിൽ അതിന് മറുപടി പറയാം. വിദ്യാഭ്യാസത്തിന്റെ ചർച്ചയുള്ളതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ സഭയിൽ ഡി.പി.ഇ.പിയെപ്പറ്റി എത്രയോ പൊട്ടിത്തെറിയുണ്ടായതാണ്. ഇന്നിപ്പോൾ എവിടെ നിൽക്കുന്നു? എനിക്ക് സങ്കടമുണ്ട്. ബഹു: എം.എൽ.എ.മാർ ഈ പറയുന്ന പ്രൈമറി സ്കൂളുകളിൽ ഒന്ന് പോകണം. ബഹു: ഉമ്മൻചാണ്ടിയുടെ അയർകുന്ന് മണ്ഡലത്തിൽ ഞാൻ ഒരു യോഗത്തിന് ചെന്നപ്പോൾ ' ഇവിടെ ഡി.പി.ഇ.പി.യെപ്പറ്റി വളരെ മോശമായി കുറെപ്പേർ സംസാരിച്ചു, അതുകൊണ്ട് മറുപടി പറയണം' എന്നു പറഞ്ഞു. ഇവിടെ രണ്ടാം ക്ലാസിൽ പഠിക്കുന്ന ഏതെങ്കിലും കുട്ടിയുണ്ടോ എന്ന് ഞാൻ ചോദിച്ചു....(ബഹളം) അടിയന്തിരപ്രമേയം തന്നെയാണ് സർ, 'ഈ ഗവൺമെന്റിന് ഈ തലമുറയെപ്പറ്റി, വിദ്യാർത്ഥികളെപ്പറ്റി, യാതൊരു ചിന്തയുമില്ല, ഭാവി തലമുറയെ അപകടത്തിലാക്കുകയാണെന്ന്' ബഹു: ടി. എം. ജേക്കബ് പറഞ്ഞപ്പോൾ അത് അങ്ങനെയല്ല എന്ന് പറയണ്ടേ? സംസ്ഥാനത്തെ വിദ്യാർത്ഥികളെപ്പറ്റി, ഭാവി തലമുറയെപ്പറ്റി, ഏറ്റവുമധികം

LIBRARY ARCHIVES Kerala Legislative Assembly

ചിന്തയുള്ള, അവരുടെ കാര്യം മാത്രം ചിന്തിക്കുന്ന, ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അയർകുന്നത്തു വച്ച് ഞാൻ ചോദിച്ചു രണ്ടാംക്ലാസിൽ പഠിക്കുന്ന ഏതെങ്കിലും കുട്ടിയുണ്ടോയെന്ന്. രണ്ടാംക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് മലയാളം അറിയാൻ പാടില്ല, അക്ഷരം അറിയാൻ പാടില്ല, എന്നാണ് പറയുന്നത് രണ്ടാം ക്ലാസിലെ കുട്ടികളെ സംബന്ധിച്ച്. ഈ സംസ്ഥാനത്തെ 14 ജില്ലകളിലേയും സ്കൂളുകളിൽ ഞാൻ പോയി. ആറും ഏഴും കുട്ടികളെക്കൊണ്ട് എഴുതിപ്പിച്ചു. കടലാസുകൾ എന്റെ ഫയലിലുണ്ട്. ചർച്ചയ്ക്ക് വരുമ്പോൾ കൊണ്ടു വരാം. അയർകുന്നത്തു നടന്നത് ഞാൻ പറയാം. ഒന്നാം ക്ലാസിൽ ഒരു കുട്ടിയുണ്ട്. ആ കുട്ടിയെക്കൊണ്ട് ഞാൻ മൂന്ന് വാക്കുകൾ നോട്ടീസിന് പുറത്ത് എഴുതിപ്പിച്ചു. മരം, അച്ഛൻ, പക്ഷി. ഈ മൂന്ന് വാക്കുകളും ഭംഗിയായി ആ ഒന്നാം ക്ലാസുകാരൻ എഴുതി. അതുപോലെ 158 കുട്ടികളെ അക്ഷരമറിയാമോ എന്ന് ടെസ്റ്റ് ചെയ്യിപ്പിച്ചപ്പോൾ അതിൽ 155 കുട്ടികളും ഒരക്ഷരം പോലും തെറ്റിക്കാതെ വടിവൊത്ത അക്ഷരത്തിൽ എഴുതിയിരുന്നു. .....(ബഹളം).... നാലാം ക്ലാളിലെ കുട്ടികൾ എന്ത് പഠിച്ചിരിക്കണം. What is their level of attainment target എന്നു പറഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പാക്കിയിരിക്കുന്നു. ഏഴാം ക്ലാസിൽ വിദ്യാർത്ഥികളെത്തുമ്പോൾ അടുത്ത വർഷം മുതൽ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതാണ്. ഈ കുട്ടികൾ 10-ാം ക്ലാസിലെത്തുമ്പോൾ കേരളത്തിലെ വിജയശതമാനം 90 ശതമാനത്തിൽ കൂടുതലായിരിക്കും. വിജയശതമാനം 33 ശതമാനം 43 ശതമാനമാക്കിയ ഒരു ഗവൺമെന്റ് മോഡറേഷൻ കൂടാതെ അടുത്ത വർഷം 53 ശതമാനമെങ്കിലും കുട്ടികൾ പാസാകാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരിക്കുകയാണ്. ഭാവി തലമുറയെ സംബന്ധിച്ച്, വിദ്യാർത്ഥികളെ പുതിയ രീതിയിൽ പഠിപ്പിക്കുവാൻ, പുതിയ കോഴ്സുകൾ ഏർപ്പെടുത്തുവാൻ, പ്രീഡിഗ്രി വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും കാര്യക്ഷമമാക്കാനും അങ്ങനെ ഭാവി തലമുറയുടെ പ്രതീക്ഷകൾ പൂവണിയിക്കുവാനുള്ള പരിശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഈ കാര്യങ്ങളിൽ എല്ലാ ഭാഗത്തു നിന്നും സഹകരണമുണ്ടാകണം. ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ അത് തിരുത്താൻ ഗവൺമെന്റ് തയ്യാറാണ്. അതുപോലെ പ്രതിപക്ഷങ്ങളുമായി ചർച്ച ചെയ്യാനും ഞങ്ങൾ തയ്യാറാണ്. ബന്ധപ്പെട്ട ആരുമായും ചർച്ച ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഈ സംസ്ഥാനത്ത് ഏത് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുമ്പോഴും ഒരു പത്ത് ശതമാനത്തിന്റെ കുറവുണ്ടാകും. അത് തിരുത്താൻ തീരുമാനിച്ചു ഞങ്ങൾ മുന്നോട്ടുപോകുകയാണ്. എല്ലാ ഭാഗത്തു നിന്നും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹു.മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ അടിയന്തിര പ്രമേയത്തിന് ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി നൽകിയ മറുപടി തീർത്തും നിരാശാജനകമാണ്. അടിയന്തിര പ്രമേയത്തിന്റെ ചർച്ചക്കിടയിൽ പ്രമേയാവതാരകൻ ശ്രീ. ടി.എം.ജേക്കബ് ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കൊന്നും ബഹു: മന്ത്രി മറുപടി പറഞ്ഞില്ല. ആ പ്രശ്നങ്ങളിൽനിന്നും മന്ത്രി ബോധപൂർവ്വം ഒഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

മാറി. അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ ശരിയാണെന്ന് മന്ത്രിയുടെ മന:സ്സാക്ഷി പറയുകയാണ്. വളരെ ഗുരുതരമായ പ്രശ്നം ശ്രീ.ജേക്കബ് പറഞ്ഞു. ആ പ്രശ്നത്തെക്കുറിച്ച് ശ്രീ.പി.ജെ.ജോസഫിനെപ്പോലെയുള്ള ഒരാൾ എന്തിന് മറുപടി പറയാൻ മടിക്കുന്നു ? അദ്ദേഹത്തിന്റെ മനസ്സാക്ഷി പറയുന്നു ശ്രീ.ടി.എം. ജേക്കബ് പറഞ്ഞ ആരോപണങ്ങൾ ശരിയാണ് എന്ന്. ഈ പ്രമേയത്തിന്റെ ചർച്ചക്കിടയിൽ ശ്രീ.ടി.എം. ജേക്കബ് പറഞ്ഞ ഒരു പരാമർശം വീണ്ടും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ; ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ മുൻ രാഷ്ട്രപതി ഡോ.രാധാകൃഷ്ണന്റെ ഒരു പരാമർശം ശ്രീ. ടി.എം.ജേക്കബ് ഇവിടെ ഉദ്ധരിച്ചു. അത് ഞാൻ ആവർത്തിക്കുന്നില്ല. ഇന്ന് നിങ്ങളുടെ തീരുമാനം കേരളത്തിലെ ഒരു തലമുറയിൽപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി തകർത്തിരിക്കുകയാണ്. അതാണ് ഡോ.രാധാകൃഷ്ണൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത്. ഒരു തലമുറയിലെടുക്കുന്ന തീരുമാനങ്ങൾ അടുത്ത മൂന്ന് തലമുറയുടെ ഭാവി നിർണ്ണയിക്കുമെന്നാണ് വിദ്യാഭ്യാസ വിചക്ഷണൻ കൂടിയായ ഡോ.രാധാകൃഷ്ണൻ പറഞ്ഞത്. അത് അദ്ദേഹം എഴുതിയപ്പോൾ ഈ ഗവൺമെന്റിനെക്കുറിച്ച് അദ്ദേഹം മനസ്സിൽപ്പോലും ചിന്തിച്ചിരിക്കാൻ വഴിയില്ല. പക്ഷേ അദ്ദേഹത്തിന്റെ വാചകങ്ങൾ ഇന്ന് ഇവിടെ അർത്ഥവത്തായി മാറിയിരിക്കുകയാണ്. പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ ഇന്ത്യയിലെ പ്രത്യേകതയെന്താണ്? കേരളത്തിലെ പ്രത്യേകതയെന്താണ്? ഉന്നത വിദ്യാഭ്യാസത്തിന്റെ വഴിത്തിരിവാണ് പ്രീഡിഗ്രി. ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട എല്ലാ പഠനങ്ങൾക്കും പോകാനുള്ള വഴിത്തിരിവാണ് പ്രീഡിഗ്രി. എൻട്രൻസ് എക്സാമിനേഷൻസ് വിവിധ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പഠനങ്ങൾ, അതുപോലെ ഉന്നതമായ പഠന സൗകര്യങ്ങൾ ആവശ്യമുള്ള, ഉയർന്ന തൊഴിലവസരങ്ങൾ കിട്ടാൻ സാധിക്കുന്ന, എല്ലാ പരിശീലനങ്ങളുടെയും വഴിത്തിരിവാണ് പ്രീഡിഗ്രി വിദ്യാഭ്യാസം. ആ പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി തുടരുന്നത് പല കാരണങ്ങളാലും ശരിയല്ലെന്ന് തോന്നിയിട്ടാണ് ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പ്രീഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽ നിന്ന് ഡീലിങ്ക് ചെയ്യാൻ തീരുമാനിച്ചത്. അത് ഇന്ത്യയൊട്ടുക്ക് നടപ്പിലാക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി കേരളത്തിലും പ്രിഡിഗ്രി ഡീലിങ്ക് ചെയ്യാൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചു. പക്ഷേ ആ തീരുമാനം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പിലായില്ല. ഇവിടെ പ്രക്ഷോഭണങ്ങൾ ഉയർന്നു വന്നു. ആ പ്രക്ഷോഭണങ്ങളുടെ ഒരു ഘട്ടത്തിൽ കേരളത്തിൽ ഭരണ മാറ്റമുണ്ടായി. ഭരണമാറ്റത്തിന് ശേഷം വന്ന ഇന്നത്തെ ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനം റദ്ദ് ചെയ്യുകയും ചെയ്തു. പക്ഷേ പ്രധാനപ്പെട്ട വഴിത്തിരിവിലെ കാര്യങ്ങളൊന്നും വേണ്ടത്ര പഠിച്ചില്ല. ഹോം വർക്ക് ചെയ്തില്ല, പഠനം നടത്തിയില്ല. ഈ രംഗത്ത് ബന്ധപ്പെട്ടവരുമായി ചർച്ചയ്ക്ക് തയ്യാറായില്ല. കേരളത്തിൽ പ്ലസ് ടു ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ വിദ്യാഭ്യാസരംഗത്ത് താല്പര്യമുള്ളവരുമായോ വിദ്യാഭ്യാസ സംഘടനകളുമായോ, മാനേജർമാരുമായോ, സർവ്വീസ് സംഘടനകളുമായോ, രാഷ്ട്രീയ പാർട്ടികളുമായോ വിദ്യാർത്ഥികളുമായോ ചർച്ച ചെയ്യാനുള്ള സാമാന്യ മര്യാദപോലും നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചില്ല. ആരുമായും ചർച്ച ചെയ്യാതെ എ.കെ.ജി. സെന്ററിൽ മാത്രം ചർച്ച ചെയ്ത് നമ്മുടെ സംസ്ഥാനത്തെ ലക്ഷോപലക്ഷം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന പുതിയ വിദ്യാഭ്യാസ പരിഷ്ക്കാരം ഇടതുപക്ഷ മുന്നണിയുടെ കുടുംബ പ്രശ്നമായി നിങ്ങൾ കൈകാര്യം ചെയ്തു. അതാണ് ഈ ആപത്തുകളെല്ലാമുണ്ടാക്കിയത്. പ്രീഡിഗ്രി, യൂണിവേഴ്സിറ്റികളിൽ, നിന്നു മാറ്റി അതിനു പകരം പ്ലസ് ടൂ ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ, ഇതൊരു വലിയ മാറ്റമാണ്. എന്നതിനാൽ അതിലടങ്ങിയിരിക്കുന്ന ഗൗരവം മനസ്സിലാക്കി വേണ്ടത്ര കരുതലോടുകൂടിയാണ് ഇന്ത്യയിലെ ഇതര സംസ്ഥാന ഗവൺമെന്റുകൾ ഡീലിങ്ക് നടത്തിയത്. പ്രീഡിഗ്രിക്ക് പകരം പ്ലസ് ടൂ ആരംഭിച്ചത് സാവകാശത്തിലാണ്. 10 വർഷം വരെ കോളേജുകളിൽ നിന്നും ഇത് മാറ്റാൻ സമയമെടുത്ത സംസ്ഥാന ഗവൺമെന്റുകൾവരെയുണ്ട്. നിങ്ങളുടെ മാതൃകയായിട്ടുള്ള പശ്ചിമ ബംഗാൾ : അവിടെ പ്രീഡിഗ്രി യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീലിങ്ക് ചെയ്തു പ്ലസ് ടൂ ഏർപ്പെടുത്തിയത് പടിപടിയായി 10 വർഷം കൊണ്ടാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അതാണ് ചെയ്തത്. നിങ്ങൾ തിടുക്കത്തിൽ ഡീലിങ്ക് ചെയ്ത് പ്ലസ് ടൂ ആരംഭിച്ചു. പക്ഷേ ശാസ്ത്രീയമായ പഠനമില്ലായിരുന്നു. ഇതുവരെ പ്ലസ് ടൂ ആരംഭിച്ച സ്കൂളുകളിൽ ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യം പോലുമില്ല. ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് 76 ശതമാനം ഗവൺമെന്റ് സ്കൂളുകളിലും ലബോറട്ടറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ടെന്നാണ്. അത് അടിസ്ഥാനരഹിതമായ ഒരു പ്രസ്താവനയാണ്. കേരളത്തിലെ ബഹുഭൂരിപക്ഷം ഗവൺമെന്റ് സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലും പ്ലസ് ടൂ ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. നിങ്ങൾ വേണ്ടത്ര ഹോംവർക്ക് ചെയ്യാത്തതിന്റെ ഫലമായിട്ടാണ്. മാത്രമല്ല ഈ സ്കീമിനെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്യാത്തതിന്റെ ഫലമായി ഇന്ന് എന്താണ് സ്ഥിതി ? പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത കോളേജുകളിൽ സർക്കാർ ശമ്പളം വാങ്ങി ഒരു വിഭാഗം അദ്ധ്യാപകർ ജോലിയില്ലാതിരിക്കുന്നു. അവരുടെ ശമ്പളം ഖജനാവിൽ നിന്ന്. പ്ലസ് ടൂ ഏർപ്പെടുത്തിയ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം ഖജനാവിൽ നിന്ന്. ഇരട്ടി ചെലവ് വന്നിരിക്കുന്നു. ദരിദ്രമായ കേരളത്തിൽ പട്ടിണി മരണം ഉണ്ടാകുന്നു. കേരളത്തിൽ പട്ടിണിമരണമുണ്ടാകുന്നിടത്ത് സൗജന്യ റേഷൻ കൊടുക്കാൻ പണമില്ലാത്ത അവസ്ഥയിൽ ഇരട്ടി ചെലവ്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത കോളേജുകളിലെ അദ്ധ്യാപകരുടെ ശമ്പളം ഒരു ഭാഗത്ത് പ്ലസു ടൂ അദ്ധ്യാപകരുടെ ചെലവ് ഒരു ഭാഗത്ത്. നിങ്ങൾ ഈ കാര്യങ്ങൾ വേണ്ടത്ര അവധാനതയോടുകൂടി ചിന്തിക്കാത്തതിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള ഭീമമായ നഷ്ടമാണ്. ഈ സംസ്ഥാനത്തെ ഗവൺമെന്റിന് താങ്ങാവുന്നതിനേക്കാൾ വലിയ നഷ്ടമാണ്. അതിന്റെ കൂടെ എസ്.എസ്.എൽ.സി റിസൽട്ട് പുറത്തു വന്നതിനുശേഷം വിദ്യാർത്ഥികൾ പരക്കം പായുന്നു. രക്ഷകർത്താക്കൾ പരക്കം പായുന്നു. പണ്ടാണെങ്കിൽ എസ്.എസ്.എൽ.സി. റിസൽട്ട് പുറത്തുവന്നാൽ കുട്ടികൾക്ക് ഒരു ആഗ്രഹമുണ്ട്. ഇന്ന് കോളേജിൽ പോയി പഠിക്കണം. രക്ഷകർത്താക്കൾക്ക് താല്പര്യമുണ്ട് എന്റെ കുട്ടികളെ കേരളത്തിലെ പ്രധാനപ്പെട്ട ഏതെങ്കിലും കോളേജിൽ അയയ്ക്കണം എന്ന്. ഇന്ന് ഏത് പ്ലസ് ടൂ സ്കൂളിലയക്കണമെന്ന് റാങ്ക് ജേതാക്കളുടെ രക്ഷകർത്താക്കൾക്കുപോലും

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പില്ല.. കാരണം സാങ്കേതിക പ്ലസ് ടൂ സ്കൂളുകൾ ഏതൊക്കെയാണെന്ന് അറിയില്ല. വിദ്യാർത്ഥികൾ പരക്കം പായുന്നു. അദ്ധ്യാപകർ പരക്കം പായുന്നു. ബഹു.മന്ത്രി സീറ്റിന്റെ സാങ്കേതികമായ കണക്കാണ് പറഞ്ഞത്. കേരളത്തിൽ ഈ വർഷം പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിന്റെ ഫലമായി നഷ്ടം വരുന്ന സീറ്റുകൾ മാത്രമല്ല അതിനേക്കാൾ കൂടുതലാണ് പ്ലസ് ടൂ കൊടുത്തിട്ടുള്ളത്. എന്നാൽ ആ കൊടുത്തതിൽ പ്രാദേശിക പരിഗണന ഉണ്ടായിട്ടില്ല. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യം പറയുകയല്ല. കേരളത്തിലെ തീരപ്രദേശങ്ങളിൽ ആവശ്യമായത്ര പ്ലസ് ടൂ സ്കൂളുകൾ ഇല്ല. മലയോര പ്രദേശങ്ങളിലും ഇല്ല. പ്രാദേശികമായ അസന്തുലിതാവസ്ഥ ഉണ്ട്. പ്രാദേശികമായ അസന്തുലിതാവസ്ഥ മാത്രമല്ല, സാമൂഹ്യമായ അസന്തുലിതാവസ്ഥയുമുണ്ട്. ഞാൻ ബഹു.മന്ത്രിക്ക് ഒരു കത്ത് തന്നിട്ടുണ്ട്. കേരളത്തിൽ നമ്പൂതിരി സമുദായം നടത്തുന്ന രണ്ട് കോളേജുകളാണ് കാലടി ശങ്കരാ കോളേജും വി.ടി.ഭട്ടതിരിപ്പാട് കോളേജും. ആ കോളേജുകളിൽ നിന്ന് 1000 പ്രീഡിഗ്രി സീറ്റുകൾ മാറ്റി. ആയിരം പ്രീഡിഗ്രി സീറ്റുകൾ ശങ്കരാ കോളേജിൽ നിന്നും ശ്രീകൃഷ്ണപുരം വി.ടി.മെമ്മോറിയൽ കോളേജിൽ നിന്നും മാറ്റിയിട്ട് അവർക്ക് ഒരു പ്ലസ് ടൂ സ്കൂളുപോലും കൊടുത്തിട്ടില്ല. ഇത് സാമൂഹികമായ അനീതി അല്ലേ ? അപ്പോൾ സാമൂഹികമായ അനീതികൾ, പ്രാദേശീകമായ അനീതികൾ....

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : കാലടി, കുറിച്ചിത്താനം, ഇതൊക്കെ നമ്പൂതിരി സമുദായത്തിന്റെ അല്ലെങ്കിൽ രാമകൃഷ്ണ ആശ്രമത്തിലെ സ്കൂളുകളാണ്. ശ്രീ.കെ.എം.മാണിക്ക് അറിയാം.

ശ്രീ. എ. കെ. ആന്റണി : ഐരാപുരം കോളേജുകാരും ശ്രീകൃഷ്ണപുരം കോളേജുകാരും അങ്ങയെ കണ്ടതിനുശേഷം എന്നെയും കാണാൻ വന്നു. അത് വായിച്ച് നോക്കിയപ്പോൾ അവർ പറയുന്നത് ന്യായമാണെന്ന് എനിക്ക് തോന്നി. അതുകൊണ്ട് ഇത് പരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരു കത്ത് അങ്ങേയ്ക്ക് അയച്ചിട്ടുണ്ട്. ഒരുകാലത്ത് കേരളത്തിലെ വലിയ ആഢ്യന്മാരായിരുന്നുവെങ്കിലും ഇന്ന് യഥാർത്ഥമായി പറഞ്ഞാൽ വളരെ പ്രയാസപ്പെടുന്ന ഒരു സമൂഹത്തിന്റെ രണ്ട് കോളേജുകളിൽ നിന്നും ആയിരം പ്രീഡിഗ്രി സീറ്റ് മാറ്റിയിട്ട് അവർക്ക് ഒരു പ്ലസ് ടൂ സ്കൂൾ കൊടുക്കാത്തത് അവർക്ക് രാഷ്ട്രീയ സമ്മർദ്ദം നടത്താൻ കഴിവില്ലാത്തത് കൊണ്ടാണോ അതോ കാശില്ലാത്തതു കൊണ്ടാണോ? അതുപോലെ തന്നെ പ്രാദേശികമായ പിന്നോക്കാവസ്ഥയും.

ശ്രീ.പി.ജെ.ജോസഫ് : കാലടിയിൽ കൊടുത്തിട്ടുണ്ട്. പെരുമ്പാവൂരിൽ കൊടുത്തിട്ടുണ്ട്. കുറിച്ചിത്താനത്ത് കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. ആന്റണി : ഞാൻ പറഞ്ഞത് മൂന്ന് കോളേജുകളുള്ള ഒരു മാനേജ്മെന്റിൽ നിന്നും ആയിരം പ്രീഡിഗ്രി സീറ്റ് ഡീലിങ്ക് ചെയ്തിട്ട് ആ മാനേജ്മെന്റിന് ഒരു പ്ലസ് ടൂ സ്കൂളും കൊടുത്തില്ലെന്ന് അവർ ഔദ്യോഗികമായി അങ്ങയെ അറിയിച്ചു, മുഖ്യമന്ത്രിയെ അറിയിച്ചു, പ്രതിപക്ഷനേതാവെന്ന നിലയിൽ എനിക്കും ഒരു കത്ത് തന്നു. ആ കത്ത് ഞാൻ വിശ്വസിക്കുന്നു. ആ കത്ത് ഞാൻ അങ്ങേയ്ക്ക് ഫോർവേഡ് ചെയ്തിട്ടുണ്ട്. ഒറ്റനോട്ടത്തിൽ വളരെ അനീതിയായിട്ട് എനിക്ക് തോന്നി. കാരണം കേരളത്തിലെ ചെറിയ ഒരു സമൂഹം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന രണ്ട് കോളേജിൽ നിന്നും ആയിരം സീറ്റ് മാറ്റിയിട്ട് അവർക്ക് പ്ലസ് ടൂ കൊടുക്കുന്നില്ലെങ്കിൽ അത് അനീതിയാണ്. അപ്പോൾ പ്രാദേശികമായ അവഗണനകൾ, സാമൂഹ്യമായ അവഗണനകൾ ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ട്. ശ്രീ.വി.ടി.ഭട്ടതിരിപ്പാടിന്റെ നാമധേയത്തിൽ ഒരു കോളേജ് എന്നൊക്കെപ്പറഞ്ഞാൽ വി.ടി.ഭട്ടതിരിപ്പാട് എന്നുപറഞ്ഞാൽ സഖാവ് ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിനൊടൊപ്പം കേരളത്തിലെ സാമൂഹിക പരിഷ്ക്കരണത്തിന് മുമ്പിൽ നിന്ന ഏറ്റവും വലിയ സാമൂഹ്യ വിപ്ലവകാരിയായിരുന്നു. അവരെ മറക്കാൻ പറ്റുമോ ? ബഹു: മുഖ്യമന്ത്രി അങ്ങേയ്ക്ക് മറക്കാൻ പറ്റുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഈ പറയുന്ന കോളേജുകളെല്ലാം പരിഗണനയിലിരിക്കുകയാണ്. ഈ സ്ഥലത്ത് കൊടുത്തതിന്റെ ലിസ്റ്റ് ഞാൻ അങ്ങേയ്ക്ക് തരാം. ഒന്നും കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. രണ്ടെണ്ണം കൊടുത്തുകഴിഞ്ഞിരിക്കുന്നു.

ശ്രീ. എ. കെ. ആന്റണി : ശ്രീകൃഷ്ണപുരത്തുനിന്നും ഐരാപുരത്തുനിന്നും മാറ്റിയിട്ട് കോട്ടയം ജില്ലയിലെ കുറിച്ചിത്താനത്ത് കൊടുത്താൽ ശ്രീകൃഷ്ണപുരത്തെ കുട്ടികൾ അവിടെപ്പോയി പഠിക്കണോ ? ഇത് എന്താണ് ? അങ്ങയുടെ മറുപടി ടെക്നിക്കൽ ആണ്. സാങ്കേതികമാണ്.

ശ്രീ. പി. ജെ. ജോസഫ് : അങ്ങ് പറഞ്ഞ രണ്ടാമത്തെ കോളേജിന്റെ തൊട്ടടുത്ത സ്കൂളിനുതന്നെയാണ് കൊടുത്തിരിക്കുന്നത്. കാലടിയിലെ ബ്രഹ്മോദയം സ്കൂൾ.

ശ്രീ. എ. കെ. ആന്റണി : ഞാൻ പറഞ്ഞത് നമ്പൂതിരി യോഗക്ഷേമസഭ നടത്തുന്ന രണ്ട് കോളേജുകളുടെ കാര്യമാണ്. അവർ മുഖ്യമന്ത്രിയേയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും കണ്ടതിനുശേഷം പ്രതിപക്ഷനേതാവെന്നുള്ള നിലയിൽ എനിക്കും മാനേജ്മെന്റ് പ്രതിനിധികൾ നിങ്ങൾക്ക് തന്നു മെമ്മോറാണ്ടത്തിന്റെ ഒരു കോപ്പി തന്നു. അവരുടെ പരാതി വായിച്ചു നോക്കിയപ്പോൾ അത് ഞാൻ ശ്രദ്ധപൂർവ്വം വായിച്ചപ്പോൾ, അവർ പറയുന്നതിൽ ന്യായമുണ്ടെന്ന് എനിക്ക് തോന്നി. അല്ലെങ്കിൽത്തന്നെ ഞാൻ സാധാരണ ആർക്കും കത്തയയ്ക്കാറില്ല. എന്നാൽ അവരുടെ കത്ത് വായിച്ച ശേഷം ഇത് പരിശോധിക്കണമെന്ന് കാണിച്ചു കൊണ്ട് അങ്ങേയ്ക്ക് കത്ത് അയച്ചു. കാരണം കത്ത് വായിച്ചപ്പോൾ പ്രകടമായ അനീതിയുണ്ടെന്ന് എനിക്ക് തോന്നി. ആ പ്രകടമായ അനീതിയുള്ളത് കൊണ്ടു മാത്രമാണ് ഞാൻ എഴുതിയത്. ഇവിടെ പ്രദേശികമായ അനീതികൾ, സാമൂഹികമായ അനീതികൾ നടന്നിരിക്കുന്നു. കുട്ടികൾ പരക്കം പായുന്നു. രക്ഷകർത്താക്കൾ പരക്കം പായുന്നു. മാനസിക പീഡനം, മാനസിക സംഘർഷങ്ങൾ, ലക്ഷക്കണക്കിന് കുടുംബങ്ങളിൽ രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ഉറക്കമില്ലാത്ത രാത്രികൾ, അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് പ്ലസ് ടൂ-വിന് പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ അർഹമായ മുഴുവൻ വിദ്യാർത്ഥികൾക്കും സമീപ പ്രദേശങ്ങളിൽ പഠിക്കാനുള്ള സൗകര്യമുണ്ടാക്കണം. ശ്രീകൃഷ്ണപുരത്തുകാരൻ കുറിച്ചിത്താനത്ത് പഠിക്കാൻ പറഞ്ഞാൽ നടക്കത്തില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഉടുമ്പൻചോലക്കാരൻ തൊടുപുഴയിൽ പഠിക്കാൻ പറഞ്ഞാൽ നടക്കത്തില്ല. അതുകൊണ്ട് അർഹതയുള്ള മുഴുവൻ.....

ശ്രീ.പി.ജെ.ജോസഫ് : കോളേജുകളുടെ സമീപം സ്കൂളുകൾ കൊടുക്കാതെപോയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടുന്ന കാര്യം തന്നെയാണ്. അങ്ങ് പറയുന്ന പോയിന്റിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പരിശോധിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. ആന്റണി : ഇവിടെ പ്ലസ് ടൂ-വിന് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പരിസര പ്രദേശത്തുതന്നെ പ്ലസ് ടൂ-വിന് പഠിക്കാനാവശ്യമായ സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, ഇത്തവണത്തെ പ്ലസ് ടൂ വിതരണത്തെക്കുറിച്ച് വ്യാപകമായ ആക്ഷേപങ്ങളുണ്ട്, ആരോപണങ്ങളുമുണ്ട്. നിങ്ങൾക്ക് പലർക്കും ആരോപണങ്ങളില്ല. കാരണം ഇത്തവണ കൂട്ടുകച്ചവടമായിരുന്നു. അതാണ് ആരോപണങ്ങൾ ഇല്ലാതിരുന്നത്. ഇത്തവണ, നമ്പൂതിരി യോഗക്ഷേമ സഭ നടത്തുന്ന പ്രസിദ്ധമായ കോളേജിന് വരെ പ്ലസ് ടൂ കൊടുക്കാതിരുന്നപ്പോൾ പാർട്ടികൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് വരെ പ്ലസ് ടൂ കൊടുത്തിട്ടുണ്ട്. അപ്പോൾ നിങ്ങൾക്ക് പരാതി ഉണ്ടായില്ല. നിങ്ങൾക്കും ഏറ്റക്കുറച്ചിലോടുകൂടി ഓഹരി കിട്ടിയിട്ടുണ്ട്. ഈ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണം. പണ്ട് ശ്രീ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ.ടി.എം.ജേക്കബ് വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ അവർക്കെതിരായി അന്വേഷിക്കണമെന്ന് ഈ സഭയിൽ വീറോടുകൂടി വാദിച്ച ആളല്ലേ സഖാവ് നായനാർ? ശ്രീ.കരുണാകരനും ശ്രീ.ടി.എം.ജേക്കബിനും എതിരായി ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട മന്ത്രിസഭാ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് അങ്ങല്ലേ ? അങ്ങയുടെ അന്നത്തെ ഈ ധാർമ്മികരോഷം ഇന്ന് എവിടെ പോയി? ഞങ്ങൾ പറയുന്നു. ഇത്തവണത്തെ പ്ലസ് ടൂവിൽ ക്രമക്കേടുകൾ ഉണ്ട്. അഴിമതികൾ ഉണ്ട്. ഇതിനെക്കുറിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ കാര്യത്തിൽ നല്ലതു വന്നാലും ചീത്ത വന്നാലും അതിന് ഉത്തരവാദികൾ സമാധാനം പറയണം. ഇത്തവണത്തെ പ്ലസ് ടൂ തലത്തിൽ വ്യാപകമായ ക്രമക്കേടുകളും അഴിമതിയും സ്വജനപക്ഷപാതവുമല്ലാതെ ഒട്ടും നീതി നടക്കാത്ത ഈ സാഹചര്യത്തിൽ ഈ വകുപ്പിന്റെ മന്ത്രി എന്ന നിലയിൽ ഇതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് മാറി നിൽക്കണം. ഇത് സംബന്ധിച്ച അന്വേഷണ കാലഘട്ടത്തിൽ അങ്ങ് മാറി നിൽക്കണം. മുഖ്യമന്ത്രി തയ്യാറുണ്ടോ? അങ്ങ് തയ്യാറല്ലെങ്കിൽ ഈ കച്ചവടത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ നിങ്ങൾക്കെല്ലാം പങ്കുണ്ടെന്ന് പറയേണ്ടി വരും. ഞങ്ങൾ ഐക്യജനാധിപത്യമുന്നണി കൂടി ഈ സർക്കാരിനോട് വളരെ മിതമായ ഒരു കാര്യം പറഞ്ഞു. ഈ പ്രശ്നം ചർച്ച ചെയ്യാൻ യു.ഡി.എഫ്ന്റെ കൺവീനർ മുഖ്യമന്ത്രിക്ക് കത്ത് കൊടുത്തു. വിദ്യാഭ്യാസ മന്ത്രി എത്ര സൗമ്യമായി പറഞ്ഞു ചർച്ച ചെയ്യാമെന്ന്. ഇത്രയും നാളായി ചർച്ച ചെയ്തിട്ടുണ്ടോ ? യു.ഡി.എഫ്. ഔദ്യോഗികമായി ചർച്ചയ്ക്ക് വിളിക്കണമെന്ന് പറഞ്ഞതാണ്. മുഖ്യമന്ത്രി ചർച്ചക്ക് വിളിച്ചില്ല എന്നു മാത്രമല്ല, ആ കത്തിനു ഒരു മറുപടി തരാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സാമാന്യ മര്യാദ പോലും കാണിച്ചിട്ടില്ല. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഔദ്യോഗികമായി പ്രതിപക്ഷ പാർട്ടികൾക്കുവേണ്ടി നൽകിയ കത്തിന് ഒരു മറുപടി നൽകാനുള്ള സാമാന്യ മര്യാദയില്ലാത്ത ഈ സർക്കാർ വിദ്യാഭ്യാസ രംഗം തകർത്തിരിക്കുന്നു. അരാജകത്വം... കുട്ടികളുടെ ഭാവി അപകടത്തിലാക്കിയിരിക്കുന്നു. നിങ്ങൾ ഒരു തലമുറയെ നശിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ഈ പാപക്കറ കഴുകിക്കളയാൻ സാദ്ധ്യമല്ല. ഗവൺമെന്റിന്റെ ഈ നിർവികാരമായ വിദ്യാഭ്യാസ നയത്തിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷ നോതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി : സർ, കേരളത്തിൽ ഇന്ന് വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള പ്രതിസന്ധി വളരെ ഗുരുതരമാണ്. മൂന്നുലക്ഷത്തി അറുപതിനായിരം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസായി അഡ്മിഷൻ കാംക്ഷിച്ച് നിൽക്കുമ്പോൾ ബഹു: മന്ത്രി തന്നെ പറഞ്ഞ കണക്കനുസരിച്ച് 1,32,000 പേർക്കാണ് അഡ്മിഷൻ സൗകര്യമുള്ളത്. ബാക്കി 2,30,000 വരുന്ന കുട്ടികൾ പ്ലസ് ടു വിന് പഠിക്കാൻ എവിടെ പോകും എന്നുള്ള ചോദ്യം ഇന്ന് ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ ഒരു പ്രശ്നമായി ഉയർന്നു നിൽക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് വൻ പ്രതിസന്ധി സംജാതമായിരിക്കുകയാണ്. അതിനെ കുറച്ചുകണ്ടിട്ട് കാര്യമില്ല. പ്രീഡിഗ്രി വേർപെടുത്തുന്ന കാര്യം വളരെക്കാലമായി സംസാരിച്ചുകൊണ്ടിരിക്കുന്നതാണ്. പല ഗവൺമെന്റുകളും കടന്നു പോയി. പലരും പറഞ്ഞതു പോലെ വളരെ സൂക്ഷ്മതയോടു കൂടി ചെയ്യേണ്ട ഒരു കാര്യമാണ്. കോളേജുകളെന്ന് പറഞ്ഞാൽ വളരെക്കാലമായി വളർന്നു വന്ന സ്ഥാപനമാണ്. ഗവൺമെന്റാകട്ടെ, പ്രൈവറ്റാകട്ടെ അതിനെ ചുറ്റിപ്പറ്റിയാണ് വിദ്യാർത്ഥികൾ ഉയർന്ന വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള തയ്യറെടുപ്പ് നടത്തുന്നത്. അതിന് അദ്ധ്യാപകരുള്ള, കെട്ടിടങ്ങളുള്ള, പോയി വരാൻ സൗകര്യമുള്ള, പഠിക്കാനുള്ള പ്രധാന കേന്ദ്രമായി വളർന്നു വന്ന, ഈ കോളേജുകളെ - ആയിരക്കണക്കിന് പ്രീഡിഗ്രി സൗകര്യം ഉള്ള ഈ കോളേജുകളെ - ഒഴിവാക്കുമ്പോൾ സൂക്ഷ്മതയോടുകൂടി ചെയ്യേണ്ട കാര്യം, വേണമോ വേണ്ടയോ എന്നുള്ള സംശയം വച്ചുപുലർത്തി ഒരു ദിവസം പെട്ടെന്ന് ചെയ്യുക. ഈ സൗകര്യങ്ങളൊക്കെ വിസ്മരിച്ചുകൊണ്ട് ഒരു ദിവസം പ്രീ ഡിഗ്രി വേർപ്പെടുത്തുക. ഒരു തരം പെട്ടെന്നെടുക്കുന്ന തീരുമാനം പോലെ പ്രീഡിഗ്രി വേർപെടുത്തുക. എന്നിട്ട് എവിടെ കൊടുക്കണം എന്നുള്ളത് യാതൊരുവിധ മാനദണ്ഡങ്ങളുടേയും സർവേകളുടേയും സിസ്റ്റത്തിന്റെയും അടിസ്ഥാനത്തിലല്ലാതെ എവിടെയൊക്കെയോ കൊടുക്കുക, എന്നിട്ട് അവയൊക്കെ നടത്തുന്ന സമുദായമാണെങ്കിൽ, സമുദായമല്ലെങ്കിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ആണെങ്കിൽ, അവരൊക്കെ നടത്തുന്ന കോളേജുകളിൽ നിന്നും വേർപ്പെടുത്തിയതിനു പകരമായി സീറ്റ് കൊടുത്തിരിക്കുന്നു. ഈ സീറ്റൊക്കെ ഒഴിഞ്ഞുകിടന്നാൽ എന്ത് ചെയ്യും? അങ്ങനെ എവിടെയോ ഒക്കെ കൊടുത്തിരിക്കുന്നുവെന്ന് ടെക്നിക്കലായി പറഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല. എന്നാൽ അതിന്റെ കൂടെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുണ്ടായിരുന്ന, വളരെ നന്നായി നടക്കുന്ന പാരലൽ കോളേജുകൾ ഉണ്ട്. കോളേജുകളിൽ അഡ്മിഷൻ കിട്ടാത്തവർക്ക് പാരലൽ കോളേജിൽ പോകാൻ സൗകര്യമുണ്ടായിരുന്നു. അതൊക്കെ നിർത്തി. അതിനു പകരമായി ഉണ്ടാകുന്ന സംവിധാനത്തെക്കുറിച്ചും വ്യക്തതയില്ല. എവിടെ പഠിക്കണം എന്നുള്ളതിനെക്കുറിച്ചും വ്യക്തതയില്ല. പ്ലസ് ടു ഏതാണ് നല്ലതെന്ന് ആർക്കും അറിഞ്ഞുകൂട. ഒന്നാം റാങ്ക് കിട്ടിയ കുട്ടിക്ക് സമ്മാനം കൊടുത്തപ്പോൾ ആ കുട്ടിയുടെ പ്രസംഗത്തിൽ പറഞ്ഞു റാങ്ക് കിട്ടിയ കുട്ടികൾക്കുപോലും അഡ്മിഷനെ സംബന്ധിച്ച്, എവിടെ ചേരണം എന്നുള്ളതിനെക്കുറിച്ച്, ഒരു വ്യക്തതയില്ല. നേരത്തെ പലരും പറഞ്ഞതു പോലെ വിദ്യാഭ്യാസ രംഗത്ത് വളരെ സൂക്ഷിച്ച് എടുക്കേണ്ട ഒരു നടപടി വളരെ അവധാനപൂർവ്വം ചെയ്യേണ്ട ഒരു നടപടി, ക്രമാനുഗതമായി ക്രമേണ-ക്രമേണ കൊണ്ടുവരേണ്ടതായിരുന്നു. പ്ലസ് ടു യൂണിവേഴ്സിറ്റിയിൽനിന്നും മാറ്റുകയെന്നുള്ളത് താത്വികമായ ആവശ്യമായിരിക്കാം. അത് എല്ലാവരും അംഗീകരിക്കുന്നു. ഇപ്പോഴത്തെ ഭരണകക്ഷിയും അംഗീകരിക്കുന്നുണ്ട്. പ്രതിപക്ഷം നേരത്തെ അംഗീകരിച്ചിട്ടുള്ളതാണ്. ശ്രമിച്ചിട്ടുള്ളതാണ്. അത് ആവശ്യമായിരിക്കാം. പക്ഷേ ചെയ്യേണ്ടിയിരുന്നത് ഇങ്ങനെയല്ല. വലിയ പ്രശ്നമായി. ഇപ്പോൾ എല്ലാവരും സമുദായം പറയാൻ നിർബന്ധിതരായിരിക്കുന്നു. ഞാൻ എഴുന്നേറ്റ് നിൽക്കുമ്പോൾ ഞാനും പറയാൻ നിർബന്ധിതനാണ്. ഞാൻ പറയുന്നില്ല, അത് എന്റെ വ്യക്തിപരമായ കാര്യമാണ്. സമുദായം നടത്തുന്ന, വിഭാഗം നടത്തുന്ന, വളരെക്കാലമായുള്ള, സൗകര്യങ്ങൾ എടുത്തു കളഞ്ഞിട്ട് അവരെയൊക്കെ രോഷാകുലരാക്കി വിട്ടിട്ട് പറയേണ്ട എന്നു പറഞ്ഞാൽ പറ്റുമോ? എല്ലാവരും സുമദായം പറയുന്നു. സാമുദായിക പ്രക്ഷോഭണങ്ങളെ ക്ഷണിച്ചു വരുത്തുകയല്ലേ ? എല്ലാപേരെയും കൊണ്ട് പറയിക്കാനുള്ള സ്ഥിതി സംജാതമായിരിക്കുന്നു. ഇവിടെ വളരെ പ്രശംസനീയമായരീതിയിൽ കോർപ്പറേറ്റ് മാനേജുമെന്റുകളൊക്കെ നടത്തിയിരുന്ന വിദ്യാലയങ്ങൾ ഏത് സമുദായമാണെന്ന് വിസ്മരിച്ച് അങ്ങനെ പോകുന്നതാണ് നല്ലത്. പക്ഷേ ഇവിടെ സമുദായം വിളിച്ച് പറയിപ്പിക്കുകയാണ്. അവിടെയാണ് പ്രശ്നം. ഇപ്പോൾ ഈ പ്ലസ് ടു അനുവദിച്ച വിദ്യാലയങ്ങളിൽ അഡ്മിഷന് വലിയ സംഖ്യ വാങ്ങുകയാണ്. അതൊക്കെ ശ്രദ്ധിക്കേണ്ട കാര്യമാണ്. പാവപ്പെട്ട കുട്ടികൾ എവിടെ പഠിക്കും? ഇത്രയും വലിയ സംഖ്യ കൊടുക്കാൻ കഴിയാത്ത കുട്ടികൾ എവിടെ പോകും ? യാതൊരു രൂപവും രക്ഷിതാക്കൾക്കില്ല. വിദ്യാഭ്യാസ രംഗത്ത് വൻ പ്രതിസന്ധി സംജാതമായിരിക്കുന്നു. അത് മനസ്സിലാക്കണം മലബാർ പ്രദേശങ്ങൾ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമാണ്.

ഞാൻ പറയാം ഏതാണ്ട് 500 കുട്ടികൾ പഠിക്കുന്ന തളിപ്പറമ്പ് സർസയിദ് കോളേജിൽ പ്രീ ഡിഗ്രി വേർപെടുത്തി പകരം കുറഞ്ഞ തുച്ഛമായ
11 A.M] സീറ്റുകൾ ഏതോ സ്കൂളിൽ കൊടുത്തിരിക്കുന്നു. ഞാൻ ഡിഗ്രിക്ക് പഠിച്ചകോളേജാണ് തളിപ്പറമ്പ് സർസയിദ് കോളേജ്. എനിക്കറിയാം, എവിടെ നിന്നൊക്കെ കുട്ടികൾ അങ്ങോട്ട് വരുമെന്നുള്ളത്. ആ കോളേജിൽ ഇപ്പോൾ പഠനസൗകര്യമില്ല. ഇതിന് നിങ്ങൾ യാതൊരു മാനദണ്ഡവും വച്ചിട്ടില്ല, യാതൊരു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലല്ല. ഒരു ദിവസം രാവിലെ

LIBRARY ARCHIVES Kerala Legislative Assembly

യോഗം കൂടിയിട്ട് തീരുമാനിച്ചാൽ ഈ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഇത്രയും വലിയൊരു പ്രതിസന്ധി സംജാതമാകാതിരിക്കുമോ? ഇത് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് ഇക്കൊല്ലം ഉണ്ടാകുന്ന പ്രതിസന്ധി വലിയ പിറകോട്ടടി ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഈ വിഷയം വളരെ ഗൗരവതരമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ കഴിഞ്ഞകാലങ്ങളിലൊക്കെയുള്ള സിസ്റ്റമാറ്റിക്കായിട്ടുള്ള മാറ്റം വരാത്ത പ്രവണതകൊണ്ട് വൻ വിദ്യാഭ്യാസ പ്രതിസന്ധിയുണ്ടാകും. മാനദണ്ഡങ്ങൾ അനുസരിച്ചില്ലെങ്കിൽപ്പിന്നെ എന്തടിസ്ഥാനത്തിലാണ്? അതുകൊണ്ടാണ് ക്രമക്കേടുകൾ ഇതിനകത്തുണ്ടായിട്ടുണ്ട് എന്നുപറയുന്നത്. അതിനെക്കുറിച്ച് അന്വേഷണം വേണം എന്ന് ഇവിടെ ആവശ്യപ്പെട്ടത്. ഈ വിഷയം വളരെ ഗൗരവമായി ചർച്ചചെയ്യണം എന്ന് ആവശ്യപ്പെടുന്നു. ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, വമ്പിച്ച ഗുരുതരമായ ഒരു പ്രതിസന്ധി നിലനിൽക്കുകയാണ്. തൽഫലമായി പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ വിദ്യാഭ്യാസ സൗകര്യമില്ലാതെ നെട്ടോട്ടമോടുകയാണ്. ഞങ്ങളാരും പ്രീ ഡിഗ്രി വേർപ്പെടുത്തുന്ന കാര്യത്തിൽ എതിരല്ല. ബഹു. പി. ജെ. ജോസഫ് പറയുകയുണ്ടായി. ശ്രീ. കെ. എം.മാണി പ്രീഡിഗ്രി വേർപെടുത്തൽ പൂർത്തിയാക്കരുതെയെന്ന് പറഞ്ഞു എന്ന്. ഞാൻ പറഞ്ഞ സ്പിരിറ്റ് അതല്ല. പ്രീ ഡിഗ്രി വേർപ്പെടുത്തരുത് എന്നുള്ളതല്ല ഞങ്ങളുടെ നിലപാട്. പ്രീ ഡിഗ്രി വേർപെടുത്തുന്നത് വെറുമൊരു പ്രഹസനമല്ല. പ്രീഡിഗ്രി വേർപെടുത്തുമ്പോൾ തത്തുല്യമായ സീറ്റുകൾ ഫീഡർ മേഖലയിൽ അനുവദിക്കണം. തത്തുല്യമായ സീറ്റുകൾ പ്ലസ് ടൂ മേഖലയിൽ അനുവദിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ലെങ്കിൽ പ്രീ ഡിഗ്രി വേർപെടുത്തിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. ദൃഷ്യമാണ്. ഇവിടെ ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി ഓരോ ജില്ല തിരിച്ച് കണക്ക് പറയുകയുണ്ടായി. കണക്കൊക്കെ ശരിയാ. ജില്ല തിരിച്ച് ഇത്രയിത്ര അനുവദിച്ചു. ഇത്രയിത്ര വേർപെടുത്തി : കേൾക്കുമ്പോൾ എല്ലാം ഭംഗിയാണ്. പക്ഷേ ഒന്നു ചോദിക്കട്ടെ, വിദ്യാഭ്യാസ വകുപ്പുമന്ത്രി അവകാശപ്പെടുന്നത് 32000 സീറ്റുകൾ കൂടുതലായി അനുവദിച്ചു എന്നാണ്. അതായത് 1,06,000 ആയിരുന്നു പ്രീഡിഗ്രി സീറ്റുകൾ ഉണ്ടായിരുന്നത്. ഇപ്പോൾ അനുവദിച്ചത് 138,000 സീറ്റുകളാണ്. അതിന്റെ അർത്ഥം നിലവിലുണ്ടായിരുന്നതിനേക്കാൾ 32,000 സീറ്റുകൾ കൂടുതലായി അനുവദിച്ചു. ചോദിച്ച ചോദ്യത്തിന് ബഹു.മന്ത്രി ഉത്തരം പറയണം. 32,000 സീറ്റുകൾ കൂടുതലായി അനുവദിച്ചിട്ടും കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യമില്ലാതെ അലഞ്ഞുതിരിയുന്നു എങ്കിൽ അതിന് കാരണം അന്വേഷിക്കാൻ തയ്യാറാകണം. എന്റെ നിയോജക മണ്ഡലത്തിൽ 5 കോളേജുകൾ ഉണ്ട്. അതിൽ 3 കോളേജുകളിൽ പ്രീ ഡിഗ്രി ഉണ്ടായിരുന്നു. രണ്ടായിരത്തി നാനൂറിച്ചിലാനം പ്രീഡിഗ്രി സീറ്റുകളാണ് വേർപെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടായിരത്തി നാനൂറ്റിച്ചില്വാനം പ്രീ ഡിഗ്രി സീറ്റുകൾ വേർപെടുത്തിയപ്പോൾ ആ കോളേജുകളിലെ ഫീഡർ മേഖലയിൽ കൊടുത്ത സീറ്റുകൾ എത്രയാണെന്നറിയാമോ ? പ്ലസ് ടൂ അനുവദിച്ചത് എത്രയാണെന്നറിയാമോ ? ഏതാണ്ട് 950 പ്ലസ് ടൂ സീറ്റുകളാണ് അനുവദിച്ചത്. അതിന്റെ അർത്ഥമെന്താ? പാലാ പോലെ വിദ്യാഭ്യാസപരമായി പുരോഗതിയിൽ നിൽക്കുന്ന ഒരു പ്രദേശത്തു പോലും ഒരു കോളേജിന്റെ ഫീഡർ മേഖലയിൽ 1500-ഓളം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യമില്ല. ഇതാണിതിന്റെ കാര്യം. നിങ്ങൾ 32,000 പ്ലസ് ടൂ സീറ്റുകൾ കൂടുതലായി അനുവദിച്ചിട്ടും ചില കോളേജുകളിലെ ഫീഡർ മേഖലയിൽ ആയിരിക്കണക്കിന് കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യമില്ല. അവർക്ക് വിദ്യാഭ്യാസ സൗകര്യം നിഷേധിച്ചു എങ്കിൽ ഗുരുതരമായ ഒരു വീഴ്ചയാണ് നിങ്ങൾ വരുത്തിയിരിക്കുന്നത്. പിന്നോക്ക മേഖലയിൽ വല്ലതും ഉണ്ടോ? ശ്രീ.ഇ. എം. അഗസ്തി ഇവിടെ നിൽപ്പുണ്ട്. ഞാൻ ഇടുക്കിയിൽ പോയിരുന്നു. ഉരുമ്പൻചോല താലൂക്കിൽ ഒരൊറ്റ പ്ലസ് ടൂ നിങ്ങൾ അനുവദിച്ചില്ല. ഫീഡർ മേഖലയിൽ ഇല്ല. പിന്നോക്ക മേഖലയിൽ ഇല്ല. തീരപ്രദേശങ്ങളിൽ ഇല്ല, ദുർബ്ബല മേഖലയിൽ ഇല്ല: ഇതിനെന്താണ് കാരണം ? നിങ്ങൾ പിന്നെന്തിനാ ഇത് അനുവദിച്ചത്? എവിടെപ്പോയി? അതൊന്ന് കണ്ടുപിടിക്കണം. ബഹുമാന്യനായ ശ്രീ. നായനാർ ഇത് എവിടെപ്പോയി എന്ന് കണ്ടുപിടിക്കണം അധികമായി അനുവദിച്ച പ്ലസ് ടൂ സീറ്റുകൾ കേരളത്തിലെ മാതാപിതാക്കൾക്കും, വിദ്യാർത്ഥികൾക്കും പ്രയോജനകരമായില്ല. ഞാൻ ഗുരുതരമായ ഒരു കാര്യം പറയുന്നു. നിങ്ങൾ ഇക്വിറ്റബിളായിട്ട് പ്ലസ് ടൂ സീറ്റ് അനുവദിച്ചില്ല. ഇക്വിറ്റബിളായിട്ട് അനുവദിക്കാതെ നിങ്ങളുടെ സ്ഥാപിത താത്പര്യങ്ങൾ പ്രകാരം നിങ്ങൾക്കിഷ്ടമുള്ളവർക്ക് വാരിക്കോരി കൊടുത്തു നിങ്ങൾ. നിങ്ങളുടെ മറ്റു ചില താത്പര്യങ്ങൾക്കുവേണ്ടി നിങ്ങൾ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് പ്ലസ് ടൂ വിതരണം ചെയ്തതിന്റെ ഫലമായി ഫീഡർ മേഖലകളിലും പിന്നോക്ക മേഖലകളിലും ദുർബ്ബല മേഖലകളിലും കുട്ടികൾക്ക് പഠിക്കാൻ സൗകര്യം ഉണ്ടായില്ല എങ്കിൽ അതിന് സമാധാനം കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയണം. കേരളത്തിലെ വിദ്യാഭ്യാസ മന്ത്രി മാത്രമല്ല, ക്യാബിനറ്റും അത് പറയണം. നിങ്ങൾക്ക് കൂട്ടുത്തരവാദിത്വമുണ്ട്. ഞങ്ങൾ ഓരോന്നോരോന്ന് പറഞ്ഞുവരുമ്പോൾ ബഹു:മന്ത്രി ഇപ്പോൾ പറയുന്നു അവിടെ അനുവദിച്ചേക്കാം, ഇവിടെ അനുവദിച്ചേക്കാം എന്ന്. അതിന്റെ അർത്ഥമെന്താ? ഇവിടെ വ്യക്തിമാനേജ്മെന്റിന് സ്കൂളുകൾ അനുവദിച്ചു എന്നുപറഞ്ഞു. ശ്രീ.പി.ജെ.ജോസഫ് ഒരു പ്രസ് കോൺഫറൻസിൽ കുറിച്ചിത്താനം ബ്രാഹ്മണ സമൂഹത്തിന് ഒരു സ്കൂൾ അനുവദിച്ചു എന്നുപറഞ്ഞു. കുറിച്ചിത്താനം ബ്രാഹ്മണ സമൂഹം ഒരു പ്രൈവറ്റ് മാനേജ്മെന്റ് അല്ല ; വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോഴെങ്കിലും മനസ്സിലാക്കണം. അവിടെ അനുവദിച്ചത് എങ്ങനെയാണെന്നൊക്കെ എനിക്കറിയാം. പ്രൈവറ്റ് മാനേജ്മെന്റിനെപ്പറ്റി പറഞ്ഞപ്പോൾ അവിടെ ബ്രാഹ്മണ സമൂഹത്തിന് എന്നുപറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നത് ശരിയാണോ ? വിദ്യാഭ്യാസരംഗത്ത് 3,60,000 പേർ എസ്.എസ്.എൽ.സി. പാസായപ്പോൾ 200,000ത്തോളം വിദ്യാർത്ഥികൾക്ക് പഠനസൗകര്യമില്ലെങ്കിൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം കൊടുക്കേണ്ട ചുമതല ഗവൺമെന്റിനില്ലേ ? പ്രൈവറ്റ് രജിസ്ട്രേഷൻ പോലും ക്യാൻസലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

മുമ്പാണെങ്കിൽ പ്രൈവറ്റായിട്ട് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത് പാരലൽ കോളേജിൽ പഠിച്ച് പരീക്ഷ എഴുതാമായിരുന്നു. ഇപ്പോൾ പറയുന്നു ; ഓപ്പൺ സ്കൂൾ. അത് എന്ത് ഓപ്പൺ സ്കൂൾ? നിങ്ങൾ വ്യക്തമാക്കിയിട്ടുണ്ടോ ? രണ്ടു ലക്ഷത്തോളം വിദ്യാർത്ഥികളുടെ പഠനസൗകര്യം നിഷേധിച്ചുകൊണ്ട് (അവിടെ മൗലീകാവകാശമാണ് അവർക്ക് തുടർവിദ്യാഭ്യാസം നടത്തുക എന്നുള്ളത്. ആ അവകാശം നിഷേധിച്ചുകൊണ്ട്) ഇവിടത്തെ മാതാപിതാക്കളെയും ഇവിടത്തെ വിദ്യാർത്ഥികളെയും വഞ്ചിച്ച ഒരു ഗവൺമെന്റ് ഈ വിദ്യാഭ്യാസ മേഖലയാകെ താറുമാറാക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ പ്ലസ് ടൂ അനുവദിച്ചതിലുള്ള ക്രമക്കേടുകൾ തിരുത്തണം. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷണം നടത്തണമെന്ന് ഐക്യജനാധിപത്യമുന്നണി ആവശ്യപ്പെട്ടിട്ടുണ്ട്. ആ ആവശ്യം അംഗീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെ ഉണ്ടായിരിക്കുന്ന പാകപ്പിഴകൾ എല്ലാം തിരുത്തണം. കുട്ടികൾക്ക് പഠനസൗകര്യം ഉണ്ടാകണം. ഞങ്ങൾ ഈ നാട്ടിലെ ലക്ഷക്കണക്കിന് വരുന്ന കുട്ടികൾക്കുവേണ്ടി, മാതാപിതാക്കൾക്കുവേണ്ടി, സംസാരിക്കുകയാണ്. നിങ്ങൾ ലാഘവത്തോടുകൂടി കാണരുത്. അതുകൊണ്ട്, ഈ പ്രതിസന്ധി പരിഹരിക്കുവാൻ ആത്മാർത്ഥമായി യാതൊരു നടപടിയും സ്വീകരിക്കാത്ത, ആത്മാർത്ഥമായ ഒരു സമീപനം സ്വീകരിക്കാത്ത, പ്രതിപക്ഷാംഗങ്ങൾ ഉയർത്തിയിട്ടുള്ള ന്യായമായ കാര്യങ്ങൾക്കുപോലും മറുപടി പറയാൻ സന്നദ്ധമാകാത്ത, ഗവൺമെന്റിന്റെ ധിക്കാരപരമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ.കെ.എം.മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, കേരളത്തിൽ പ്ലസ് ടൂ അനുവദിച്ചതിനെത്തുടർന്ന് ലക്ഷക്കണക്കായ വിദ്യാർത്ഥികളും, രക്ഷകർത്താക്കളും, അദ്ധ്യാപകരും ഇന്ന് ഉൽക്കണ്ഠാകുലരാണ്. നമ്മുടെ സംസ്ഥാനത്തെ ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിന്ന ഒരു വലിയ ജനവിഭാഗമുണ്ട്. ആ ജനവിഭാഗത്തെ പൂർണ്ണമായും ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും തുടച്ചുമാറ്റുന്ന നടപടികളാണ് ഇങ്ങനെ ഈ പ്ലസ് ടൂ അനുവദിച്ചതുകൊണ്ട് ഉണ്ടായിരിക്കുന്നത്. ഞാൻ സംസാരിക്കുന്നത് ബഹു: മുഖ്യമന്ത്രിയോടും, സി. പി. ഐ.(എം) നോടും, സി. പി. ഐ. നേതാക്കൻമാരോടുമാണ്. ഞാൻ സംസാരിക്കുന്നത്. ...(ബഹളം).....*** *** ***

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : സർ, ഈ ആക്ഷേപം പിൻവലിക്കണം. ഇത് രേഖയിൽ ഉണ്ടാകരുത്. (ബഹളം) ....

പ്രൊഫ.എ.വി.താമരാക്ഷൻ : സർ, ഞാൻ പറഞ്ഞു തരാം. ഞാൻ

*** *** സഭാദ്ധ്യക്ഷന്റെ ഉത്തരവു പ്രകാരം നീക്കം ചെയ്തിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ബോദ്ധ്യപ്പെടുത്തിത്തരാം. ഞാൻ സംസാരിക്കുന്നത് ബഹു.മുഖ്യമന്ത്രിയോടാണ്, ബഹു. സി.പി.ഐ.(എം) നേതാക്കൻമാരോടാണ് ഞാൻ സംസാരിക്കുന്നത്. (ബഹളം)....

മി. സ്പീക്കർ : ഓർഡർ....ഓർഡർ.....ശ്രീ. എ.വി.താമരാക്ഷന്റെ പ്രസംഗത്തിൽ പരാമർശിച്ച അവസാനത്തെ വാചകം രേഖയിൽനിന്ന് നീക്കം ചെയ്യുന്നു. അത് പത്രത്തിൽ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

പ്രൊഫ.എ.വി.താമരാക്ഷൻ : ഞാൻ സംസാരിക്കുന്നത്.... (ബഹളം)...

മി.സ്പീക്കർ : അത് പത്രത്തിൽ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല..... (ബഹളം)....

പ്രൊഫ.എ.വി.താമരാക്ഷൻ : ഞാൻ പറയാം, ഞാൻ പറയാം, അങ്ങ് തന്നെ കേൾക്കണം. ഈ സംസ്ഥാനത്തെ ലക്ഷക്കണക്കായ അടിസ്ഥാന തൊഴിലാളി വർഗ്ഗത്തിനുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. സർ, അടിസ്ഥാന തൊഴിലാളി വർഗ്ഗം - ഈ രാജ്യത്തെ പട്ടികജാതി /പട്ടികവർഗ്ഗക്കാർ, പിന്നോക്ക വിഭാഗങ്ങൾ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, സാധാരണക്കാർ, കയർത്തൊഴിലാളികൾ അവർക്കുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ ആ വിഭാഗത്തിൽനിന്ന് വന്ന ഒരു പാവപ്പെട്ട പ്രവർത്തകനാണ്. സർ, ബഹു: മന്ത്രി പറഞ്ഞു. ഇവിടെ കേരളത്തിൽ ഒരുലക്ഷത്തി ആറായിരം (1,06,000) സീറ്റുണ്ടായിരുന്നു. 1,38,300 സീറ്റ് കൊടുത്തു. 3,60,000 കുട്ടികൾ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായി. സർ, നമ്മുടെ സംസ്ഥാനത്ത് ഈ പ്ലസ് ടൂ അനുവദിച്ചത് എവിടെയൊക്കെയാണ് ? ഈ പ്ലസ് ടൂ അനുവദിച്ചിരിക്കുന്നത് പട്ടണപ്രദേശങ്ങളിലാണ്. ഗ്രാമപ്രദേശങ്ങളിൽ, ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റിയ കർഷകത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആ വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കേണ്ടേ സർ ? ബഹു. നായനാർ കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അങ്ങയെ ഈ കസേരയിൽ ഇരുത്തിയ ആ ജനവിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കേണ്ടേ ? സർ, ഞാൻ ഒരു കാര്യം പറയാം, ഞാനൊന്ന് വ്യക്തമാക്കാം. മാരാരിക്കുളം മണ്ഡലം, ഞാൻ പത്തുവർഷകാലം എം.എൽ.എ ആയിരുന്ന മണ്ഡലമാണ്. എൽ.ഡി.എഫ് സംസ്ഥാന കൺവീനർ മത്സരിച്ച മണ്ഡലമാണ്. ആ മണ്ഡലത്തിലാണ് ചേർത്തലയിലെ എസ്.എൻ.കോളേജ് ആ മണ്ഡലത്തിലെ തൊള്ളായിരം കുട്ടികൾ ആ കോളേജിൽ പഠിക്കുന്നു. തൊട്ടടുത്ത് സെയിന്റ് മൈക്കിൾസ് കോളേജുണ്ട്. അവിടത്തെ ലാറ്റീൻ/കമ്മ്യൂണിറ്റി വിഭാഗത്തിനുവേണ്ടിയുള്ള കോളേജാണ്.

മി.സ്പീക്കർ : ആ ഡീറ്റെയിൽസിലേക്ക് പോകണ്ട.

പ്രൊഫ.എ.വി.താമരാക്ഷൻ : തൊള്ളായിരം കുട്ടികളുള്ള ആ കോളേജിൽ മാരാരിക്കുളത്തുള്ള അഞ്ഞൂറ് കുട്ടികൾ പഠിക്കുന്നു. ആയിരത്തിയഞ്ഞൂറ് കുട്ടികൾക്കു പഠിക്കണം, മാരാരിക്കുളം മണ്ഡലം, സി.പി.എം.ന്റെ ഉരുക്കുകോട്ടയാണ് ആ മണ്ഡലം. സുശീലാഗോപാലൻ അവിടിരിപ്പുണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ആ മണ്ഡലത്തിൽ രണ്ട് പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചു. മുന്നൂറ് കുട്ടികൾക്ക് പഠിക്കാം. ഞാൻ ചോദിക്കുന്നു. ആ മണ്ഡലത്തിൽ ആയിരത്തി ഇരുന്നൂറോളം കയർത്തൊഴിലാളികളുടെ കുട്ടികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ അവർ എവിടെപ്പോയി പഠിക്കണം? സർ, എന്റെ മണ്ഡലമായ ഹരിപ്പാട് മണ്ഡലം.....

മി.സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, നോ,നോ, അങ്ങനെയൊന്നും വിശദീകരിച്ച് പറയാൻ പറ്റില്ല.

പ്രൊഫ.എ.വി.താമരാക്ഷൻ : സർ, ഞാൻ പ്രാദേശികമായി പറയുകയില്ല. സർ, ഞാൻ പ്രാദേശികമായിട്ട് പറയുകയില്ല.

മി.സ്പീക്കർ : നോ,നോ, പ്ലീസ് കൺക്ലൂഡ്

പ്രൊഫ.എ.വി.താമരാക്ഷൻ : സർ, ഹരിപ്പാട് നങ്ങ്യാർകുളങ്ങര ടി.കെ.എം.എം. കോളേജ് ഇത് 900 കുട്ടികൾ പഠിക്കുന്ന കോളേജാണ്. ആ മണ്ഡലത്തിൽ നിന്ന് ആലപ്പുഴ എസ്.ബി.കോളേജിലും, മാവേലിക്കരയിലും കായംകുളം എം.എസ്. കോളേജിലും ആയിരത്തിയഞ്ഞൂറ് കുട്ടികൾ പഠിക്കുന്നു. ആ മണ്ഡലത്തിൽ മൂന്ന് പ്ലസ് ടൂ സ്കൂൾ ആവശ്യമാണ് അവിടെയുള്ള ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, കാർത്തികപ്പള്ളി, ചിങ്ങോലി സർ, ഒരു ലക്ഷത്തിലേറെ വോട്ടർമാരുള്ള ആ നാല് പഞ്ചായത്തുകളിൽ ഒറ്റ സ്കൂൾ ഇല്ല. ഞാൻ ചോദിക്കുന്നു. ഈ സംസ്ഥാനത്തെ പട്ടികജാതി- പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ അവരുടെ കുട്ടികൾ എവിടെപ്പോയി പഠിക്കും സർ? അഞ്ഞൂറിൽ താഴെ മാർക്കുള്ള ഒറ്റ കുട്ടിക്കുപോലും ഈ വർഷം അഡ്മിഷൻ കിട്ടുകയില്ല. ഞാൻ ചോദിക്കുന്നു. സർ, പാവപ്പെട്ട തൊഴിലാളികളുടെ കുട്ടികൾ മണ്ണെണ്ണ വിളക്കിന്റെ അടുത്തിരുന്ന് പട്ടിണികിടന്ന് പഠിക്കുന്ന ഏത് കുട്ടിക്ക് കിട്ടും സർ അഞ്ഞൂറ് മാർക്ക്? പാവപ്പെട്ടവന്റെ കുട്ടി എവിടെ പോയി പഠിക്കും ? ഈ തരത്തിൽ സമ്പന്നന്മാർക്കു വേണ്ടി പണക്കാർക്കുവേണ്ടി പട്ടണങ്ങളിൽ മാത്രമായി സ്കൂൾ അനുവദിച്ചുകൊണ്ട് ബഹു: നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഞാൻ ദു:ഖിക്കുന്നു. ഞാൻ സഹതപിക്കുന്നു. അങ്ങ് മുഖ്യമന്ത്രിയായിരിക്കുമ്പോൾ അങ്ങയെ ആ കസേരയിൽ ഇരുത്തിയ ആ ജനവിഭാഗത്തെ പൂർണ്ണമായും ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും പുറംതള്ളിക്കൊണ്ട് പണക്കാർക്ക് വേണ്ടി മാത്രം നടപ്പാക്കുകയാണിത്. ഇപ്പോൾ ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നു. പതിനായ്യായിരം രൂപയാണ് അവിടെ വാങ്ങുന്ന ഫീസ്. ഈ പ്രൈവറ്റ് മാനേജുമെന്റിൽപോലും പതിനയ്യായിരം രൂപ കൈക്കൂലി കൊടുക്കണം. ആർക്ക് കൊടുക്കാൻ പറ്റും ? ഏത് കയർത്തൊഴിലാളിക്ക് കൊടുക്കാൻ പറ്റും ? പതിനയ്യായിരം രൂപ ? ഏത് കർഷകത്തൊഴിലാളിക്ക് കൊടുക്കാൻ പറ്റും പതിനയ്യായിരം രൂപ? ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്ന് നൂറ്റാണ്ടുകളായി പിന്നോക്കം നില്ക്കുന്ന അടിസ്ഥാന തൊഴിലാളി വർഗ്ഗത്തെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സമ്പന്നൻമാർക്ക് മാത്രമായി അങ്ങ് അനുവദിച്ചിരിക്കുന്നു. ഇതിൽ വ്യാപകമായ കച്ചവടമാണ്. അന്വേഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : അടിയന്തിരപ്രമേയങ്ങൾക്ക് ഒരു ടൈം ലിമിറ്റ് ഒക്കെയുണ്ട്.

പ്രൊഫ.എ.വി.താമരാക്ഷൻ : ബഹു.മുഖ്യമന്ത്രി അന്വേഷിക്കാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(പ്രൊഫ. എ.വി.താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

മി.സ്പീക്കർ : ടൈം ലിമിറ്റ് ഉണ്ട്. അതിൽ പാർട്ടിസിപ്പേറ്റ് ചെയ്താൽ മതി. പ്രതിപക്ഷനേതാവ് സംസാരിച്ചിട്ട് ബാക്കിയെല്ലാപേരും പാർട്ടിസിപ്പേറ്റ് ചെയ്താൽ മതി. അതാണ് അതിന്റെ കീഴ് വഴക്കം. പാർട്ടിസിപ്പേറ്റ് ചെയ്താൽ മതി, അല്ലാതെ ഒരു പ്രസംഗം ഓരോരുത്തർക്കും നടത്താൻ പറ്റില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ രണ്ട് സെന്റൻസേ പറയുന്നുള്ളൂ. സർ, ഞാൻ പ്രമേയം അവതരിപ്പിച്ചിട്ട് അവസാനം ആവശ്യപ്പെട്ടത് - അതിനെക്കുറിച്ച് വിദ്യാഭ്യാസ മന്ത്രി ഒന്നും പറഞ്ഞില്ല. ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണമെന്ന് പറഞ്ഞു, സർ, അത് വേണമെന്ന് ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. ഞാൻ ബഹു.വിദ്യാഭ്യാസ മന്ത്രിയോടും അതുപോലെ ബഹു: റവന്യൂവകപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിലിനോടും എനിക്ക് നേരിട്ട് അറിയാവുന്ന ഒരു സ്ഥാപനത്തെ സംബന്ധിച്ച്, പണം വാങ്ങിയതിനെക്കുറിച്ച്, നിയമനത്തിന്റെ ഓഫർ വാങ്ങിയതിനെക്കുറിച്ച് നേരിട്ടുതന്നെ പറഞ്ഞു. ഞാൻ ബഹു: വിദ്യാഭ്യാസ മന്ത്രിയോട് നേരിട്ട് പറഞ്ഞ ആളാണ് ശ്രീ. കെ. ഇ. ഇസ്മയിലിനോടും നേരിട്ടു പറഞ്ഞു. ഇതിനെക്കുറിച്ച് അന്വേഷിച്ചാൽ, ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ, തെളിവ് കൊടുക്കാൻ തയ്യാറാണ്. ഈ ഇൻഡിവിഡുവൽ മാനേജുമെന്റിന് കൊടുത്തിരിക്കുന്നതിനെ സംബന്ധിച്ച്, ഇത് ആരുവാങ്ങി, എങ്ങനെ വാങ്ങി, എന്തിന് വാങ്ങി, ഇതിനെക്കുറിച്ചൊക്കെ ഒരു അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. അത് നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ.പി.ജെ.ജോസഫ് : സർ, നോ, നോ, പരസ്യമായി ചർച്ച ചെയ്യാം ; സർ, പിറവം നിയോജകമണ്ഡലത്തിലെ ആസ്ഥാനത്തുള്ള സ്കൂൾ കൊടുക്കാൻ പാടില്ല എന്നു പറയുകയാ. പിറവം നിയോജക മണ്ഡലത്തിലെ കേന്ദ്രത്തിൽ, അദ്ദേഹത്തിന് എതിരുള്ള ഗ്രൂപ്പാണ് അവിടെ ഭരിക്കുന്നത്. അതുകൊണ്ട് പിറവം നിയോജക മണ്ഡലത്തിൽ കേന്ദ്രത്തിലുള്ള സ്കൂൾ കൊടുക്കാൻ പാടില്ല എന്നു പറയുകയാണ്. രാഷ്ട്രീയ കാര്യങ്ങളാണ്, അത് അംഗീകരിക്കാൻ കഴിയുകയില്ല, രാഷ്ട്രീയ കാര്യങ്ങളാണ്. പിറവം നിയോജക മണ്ഡലത്തിലെ ആസ്ഥാനത്തുള്ള സ്കൂൾ കൊടുക്കാൻ പാടില്ല എന്നു പറഞ്ഞാൽ, രാഷ്ട്രീയ കാരണമാണ്, അതിന് വഴങ്ങാൻ കഴിയുകയില്ല.'

ശ്രീ. എ. കെ. ആന്റണി : സർ, എനിക്ക് ബഹു. മുഖ്യമന്ത്രിയോട് ഒരു കാര്യം ചോദിക്കാനുണ്ട്. ഈ പ്രധാനപ്പെട്ട പ്രശ്നത്തിന്റെ ചർച്ചക്കിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ഒരിക്കൽപ്പോലും ഇടപെടാൻ തയ്യാറായിട്ടില്ല. കേരളത്തിലെ പ്ലസ് ടൂ വിതരണത്തിലുണ്ടായ അഴിമതിയുടെയും ക്രമക്കേടുകളുടെയും ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് വിദ്യാഭ്യാസ മന്ത്രിയെ മാറ്റിനിർത്തി ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാൻ അങ്ങ് തയ്യാറാണോ? ഇത് അങ്ങിൽനിന്ന് അറിയണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : വിദ്യാഭ്യാസ മന്ത്രിയെ മാറ്റി നിർത്താൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ പറയുന്നത് അംഗീകരിക്കുന്നില്ല. .... (ബഹളം).....(ബഹളം).....

മി.സ്പീക്കർ : ഡോക്ടർ എം. എ. കുട്ടപ്പൻ,.....ഡോക്ടർ എം. എ. കുട്ടപ്പൻ,..... (ബഹളം).....(ബഹളം).....

(തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ കൂടി നിന്ന് 'വിദ്യാഭ്യാസ മന്ത്രിയെ മാറ്റി നിറുത്തി പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ച നടപടിയെ സംബന്ധിച്ച് അന്വേഷിപ്പിക്കുക', 'പ്ലസ് ടൂ അഴിമതിയെക്കുറിച്ച് ജഡീഷ്യൽ അന്വേഷണം നടത്തുക, 'വിദ്യാഭ്യാസ മന്ത്രി രാജിവയ്ക്കുക' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, പ്ലീസ്.....(ബഹളം).....പ്ലീസ്, പ്ലീസ്, പ്ലീസ്.... (ബഹളം)...പ്രതിഷേധം വേണം, പക്ഷേ സഭാനടപടികൾ നടത്തണ്ടേ ? (ബഹളം) പ്ലീസ് കോ-ഓപ്പറേറ്റ് (ബഹളം) എല്ലാവരും സഹകരിക്കുക.... (ബഹളം)പ്ലീസ്, പ്ലീസ്, പ്ലീസ് (ബഹളം) സഭാനടപടികൾ നടത്തണ്ടേ ? (ബഹളം) എല്ലാവരും സഹകരിക്കാതെ എങ്ങനെയാണ് സഭ നടത്തുക ? (ബഹളം)പ്ലീസ് കോ-ഓപ്പറേറ്റ് (ബഹളം) Please hear me (ബഹളം) സഭാ നടപടികൾ അല്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു. എല്ലാവരും സഹകരിക്കുക.

സഭ രാവിലെ 11.25 ന് നിർത്തിവച്ചു, 11.50 ന് ബഹു.സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.

മി.സ്പീക്കർ : ഓർഡർ, ഓർഡർ, ഇവിടെ അടിയന്തിരപ്രമേയത്തിന്റെ തുടർച്ചയെന്നോണം ബഹു.പ്രതിപക്ഷനേതാവ് പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹു.മുഖ്യമന്ത്രി അത് സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് ഇവിടെ വ്യക്തമാക്കുകയും ചെയ്തു. തുടർന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന തരത്തിൽ പ്രതിഷേധം നടത്തുകയും വെല്ലിലേയ്ക്ക് വരികയും അങ്ങനെ സഭാനടപടികൾ നിറുത്തി വയ്ക്കുകയും ചെയ്തു. കാരണം, ഈ സഭയ്ക്ക് കഴിഞ്ഞകാലങ്ങളിലൊക്കെയുള്ള അനുഭവം എല്ലാവരേയും സഹകരിപ്പിച്ച് നടത്തുകയെന്നത് തന്നെയാണ്. നേരത്തെ അങ്ങനെയായിരുന്നു. ഇപ്പോഴും അങ്ങനെയാണ്. നാളെയും അതുതന്നെയായിരിക്കും. അതിനുവേണ്ടിയാണ് സഭാനടപടികൾ നിറുത്തിവച്ച് കൂടിയാലോചനകൾ നടത്താൻ ചെയർ മുതിർന്നത്. ബഹു.പ്രതിപക്ഷനേതാവുമായിട്ടും കക്ഷിനേതാക്കളുമായിട്ടും ആശയവിനിമയം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുണ്ടായി. പക്ഷേ ആശയവിനിമയം നടത്തിയിട്ടും ഒരു കോപ്രമൈസ് എന്നുള്ള നിലയിൽ കാര്യങ്ങൾ വന്നിട്ടില്ല.

ശ്രീ.ജി.കാർത്തികേയൻ : സർ, ചർച്ചയിൽ കോപ്രമൈസിൽ എത്താത്തത് ഗവൺമെന്റിന്റെ പിടിവാശി കൊണ്ടാണ്.

മി.സ്പീക്കർ : അതെ, രണ്ട്കൂട്ടരുടേയും കാര്യങ്ങളിൽ പരസ്പര ധാരണയുണ്ടാക്കാനുള്ള സാദ്ധ്യത അല്പംപോലും കാണുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. നിയമസഭയെ സംബന്ധിച്ച് നമ്മുടെ പഴയ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും എല്ലാം വച്ചുകൊണ്ട് നമുക്ക് ബിസിനസ് അപ്പാടെ മാറ്റിവയ്ക്കാൻ നിർവ്വാഹമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് ഞാൻ പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ല. അതുകൊണ്ടാണ് സഭ ഇപ്പോൾ ചേരാൻ തീരുമാനിച്ചത്. അല്ലെങ്കിൽ ഇപ്പോൾ ചേരുമായിരുന്നില്ല. അങ്ങനെ ഇപ്പോൾ വീണ്ടും ചേർന്നിരിക്കുകയാണ്. അപ്പോൾ ഇതിൽ ഒരു ധാരണയുണ്ടാക്കാനുള്ള സാദ്ധ്യത അല്പംപോലും കാണുന്നില്ല. എന്നാലും സഭ തുടർന്ന് മുന്നോട്ടു കൊണ്ടുപോകാതിരിക്കാൻ നിർവ്വാഹമില്ല. എന്താണ് മാർഗ്ഗമെന്ന് തീരുമാനിക്കുക. അതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികളിലേയ്ക്ക് കടക്കുകയാണ്..... (ബഹളം)..... (ഈ സമയത്ത് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ട് നിന്നു)

മി.സ്പീക്കർ : ശ്രദ്ധ ക്ഷണിക്കൽ.....(ബഹളം)

ചെയറുമായിട്ട് ഒരു യുദ്ധം വേണ്ട ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ.

ഡോ. എം. എ. കുട്ടപ്പൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നില്ല. ശ്രീ.സി.കെ.രാജേന്ദ്രൻ.

III ശ്രദ്ധക്ഷണിക്കൽ

കാലവർഷക്കെടുത്തിയെത്തുടർന്ന് മരണമടഞ്ഞവരുടെ ആശ്രിതർക്ക്ദുരിതാശ്വാസം എത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.സി. കെ. രാജേന്ദ്രൻ : സർ, വൈകി തുടങ്ങി പെട്ടെന്ന് പിൻവാങ്ങിയ കാലവർഷം സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങളുണ്ടാക്കിയിരിക്കുകയാണ്. രണ്ട് ഡസനോളം പേരുടെ മരണത്തിനിടയാക്കിയ കാലവർഷത്തിൽ നിരവധി വീടുകൾ നഷ്ടപ്പെടുകയും കൃഷി നശിക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ നഷ്ടം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരം നൽകുന്നതിന് ഗവൺമെന്റ് കുറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതൊടൊപ്പം തന്നെ വളരെ പെട്ടെന്ന് അവർക്ക് ആശ്വാസനടപടികൾ എത്തിച്ചുകൊടുക്കാനുള്ള തീരുമാനമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഏതാണ്ട് 22 പേർ മരണപ്പെടുകയും 400-ഓളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ഏതാണ്ട് 400-ഓളം കുടുംബങ്ങൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കേണ്ടി വന്നു.

LIBRARY ARCHIVES Kerala Legislative Assembly